കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം,

തിരുവനന്തപുരം.

e-mail : lfadtvm@yahoo.in
dotvm.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം. കെ.എസ്.എ.റ്റി.വി.എം.ജി.പി.11/2194/18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.

തീയതി: 25.10.2018

ഇ.മെയിൽ: lfadtvm@yahoo.in
dotvm.ksad@kerala.gov.in

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് - 2017-18സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1,2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ,കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് , തിരുവനന്തപുരം (ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.റ്റി.വി.എം.ജി.പി.11/2194/2018 തീയതി: 25.10.2018

<u>തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ</u>

## ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 -ലെ കേരള പഞ്ചായത്ത് രാജ് നിയമം,വകുപ്പ് 215(4) , 1994 -ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം,വകുപ്പ് 13, 1996-ലെ കേരള ലോക്കൽഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത് .)*

തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2017 മുതൽ 29.09.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു .

ഓഡിറ്റിൽ കണ്ടെത്തിയ അപാകങ്ങൾ അതത് സമയം ഓഡിറ്റ് അന്വേഷണ കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അന്വേഷണക്കുറിപ്പുകൾ 47 എണ്ണം നൽകിയതിൽ 41എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടികൾ പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ : ശ്രീ. സാജൻലാൽ എസ് .ജെ
(ഡെപ്യൂട്ടി ഡയറക്ടർ)

ഓഡിറ്റിന് വിനിയോഗിച്ച സമയം : 22.09.2018മുതൽ 29.09.2018വരെ

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ : ശ്രീ. മുഹമ്മദ് സലിം. എ.
അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.സ്വപ്ന.ആർ.കെ,
അസി.ഓഡിറ്റ് ഓഫീസർ

ശ്രീമതി.അനുലക്ഷ്മി.വി, ഓഡിറ്റർ

ശ്രീ. ശരത് ജെ. ശങ്കർ, ഓഡിറ്റർ

ശ്രീമതി. ജിജി. എസ്.ഗോപിനാഥ്, ഓഡിറ്റർ

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി.ഉഷാകുമാരി അമ്മ<br>01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | : | ശ്രീ. സായൂർദേവൻ നായർ<br>01.4.2017മുതൽ 31.03.18 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എൻജിനീയർ | ശ്രീമതി. മേരി ജിഷ | 01.04.2017 മുതൽ 31.3.2018വരെ |
| മെഡിക്കൽ ഓഫീസർ (PHC) | ഡോ. രമ എൽ. | 01.04.2017മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ (ആയുർവേദം) | ഡോ. ഷീജ. വൈ.എം | 01.04.2017മുതൽ 26.07.2017 വരെ |
| | ഡോ.സജിത്ത്.എസ്.എ | 27.07.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ. ലീമ | 01.04.2017മുതൽ 24.09.2017 വരെ |
| | ഡോ.ബീന | 25.09.2017 മുതൽ 23.3.2018 വരെ |
| | ഡോ. ലിമ | 24.3.2018 മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. പി.ഒ. ശോശാമ്മ | 01.04.2017മുതൽ31.03.2018വരെ |
| ICDS സൂപ്പർവൈസർ | ശ്രീമതി. ബിന്ദു കുമാരി | 01.04.2017മുതൽ 31.03.2018 വരെ |
| വി.ഇ.ഒ I | ശ്രീ. ഡോൺ | 01.04.2017മുതൽ 12.11.2017വരെ |
| | ശ്രീ. അരുൺ നിഗ്ലി | 13.11.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ II | ശ്രീ. അഭിലാഷ് എം.എ | 12.06.2017മുതൽ 31.03.2018വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ദീപ. യു | 01.04.2017മുതൽ 31.3.2018 വരെ |
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി. നബീസത്ത് ബീവി. GLPS, ആല്ലംമൂട്. | 01.04.2017മുതൽ 31.3.2018 വരെ |
| ഡയറിഫാം ഇൻസ്ട്രക്ടർ | ശ്രീ.രാജേഷ്.പി | 01.04.2017മുതൽ 14.06.17 വരെ |
| | ശ്രീമതി.അൻസി.എ.ആർ | 15.06.17 മുതൽ -31.03.18 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ഗോപീകൃഷ്ണൻ ടി.എസ്. | 01.04.2017മുതൽ 31.3.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| 1 | ബജറ്റ് | 1-1 | |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 | |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 | |
| 4 | സാമ്പത്തിക വിശകലനം | 1-4 | |

| | | | |
|---|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 | |
| 6 | പദ്ധതി അവലോകനം. | 1-6 | |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 | |
| 8 | ക്ഷേമപദ്ധതികൾ | 1-8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 | |
| 10 | ആഭ്യന്തരനിയന്ത്രണം. | 1-10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 | |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 | |
| | ഭാഗം 2 | | |
| 13 | ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല | 2-1 | |
| 14 | വസ്തു നികുതി അപാകങ്ങൾ | 2-2 | |
| 15 | തൊഴിൽ നികുതി നടപടിക്രമം പാലിച്ചില്ല- വരുമാനനഷ്ടത്തിന് സാധ്യത | 2-3 | |
| 16 | ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ - അപാകങ്ങൾ | 2-4 | |
| 17 | മാർക്കറ്റ്-ലേലം കുടിശ്ശിക ഈടാക്കിയിട്ടില്ല | 2-5 | |
| 18 | വാടക ഈടാക്കിയിട്ടില്ല | 2-6 | |
| 19 | ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. | 2-7 | |
| | ഭാഗം 3 | | |
| 20 | മരം മുറിച്ച് മാറ്റൽ-സർക്കാർ ഉത്തരവ് പാലിക്കണം | 3-1 | |
| 21 | പഞ്ചായത്തിന്റെ ഉടമസ്ഥതയിൽപ്പെടാത്ത സ്ഥാപനങ്ങൾക്കായി ചെലവഴിച്ച 15,450/- രൂപ നിരാകരിക്കുന്നു | 3-2 | |
| 22 | മഴക്കാല പൂർവ്വ ശുചീകരണം-ഉക തടസ്സപ്പെടുത്തുന്നു | 3-3 | |

| | | | |
|---|---|---|---|
| 23 | ലേലം നടപടിക്രമം പാലിക്കാതെ കരാറുകാരന് നൽകിയ 3,05,000/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു | 3-4 | |
| 24 | സംയുക്ത പ്രോജക്ടുകൾ- സർക്കാർ നടപടിക്രമം പാലിക്കാത്തതിനാൽ ഫണ്ട് പൂർണ്ണമായും ലഭിക്കുന്നില്ല. | 3-5 | |
| 25 | വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-തുക തടസപ്പെടുത്തുന്നു | 3-6 | |
| 26 | തെരുവ് വിളക്കുകളുടെ പരിപാലനം- സ്റ്റോർ പർച്ചെയ്സ് മാന്വൽ നിർദ്ദേശം പാലിച്ചില്ല | 3-7(a) | |
| 27 | പ്രോജക്ട് ആസൂത്രണത്തിലെ പിഴവ്- സ്ട്രീറ്റ് മെയിനിൽ വേണ്ട ക്രമീകരണങ്ങളില്ലാതെ ഡബിൾ ട്യൂബ്സെറ്റ് വാങ്ങി | 3.7(b) | |
| 28 | ഇന്റർലോക്കിംഗ് കോൺക്രീറ്റ് ബ്ളോക്ക് പേവ്മെന്റ്-IRC സ്പെസിഫിക്കേഷൻ പാലിച്ചില്ല-അധിക ചെലവ് ഉണ്ടായി | 3-8 | |
| 29 | ടൈൽ പാകൽ പ്രവൃത്തിക്ക് അധിക നിരക്ക് നല്കി-67549/- രൂപ നഷ്ടം -തുക നിരാകരിക്കുന്നു | 3-9 | |
| 30 | ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യതയില്ല | 3.10 | |
| 31 | ആസ്തിരജിസ്റ്റർ പരിപാലനം കാലികമാക്കണം. | 3.11 | |
| 32 | ആസൂത്രണത്തിലെ പോരായ്മ-ഗ്രീൻപ്രോട്ടോകോൾ തുടർപ്രവർത്തനങ്ങൾതടസ്സപ്പെട്ടു | 3.12 | |
| 33 | ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- യഥാർത്ഥ ഗുണഭോക്താക്കൾക്ക് പ്രോജക്റ്റ് ആനുകൂല്യം ലഭ്യമാകുന്നില്ല. | 3.13 | |
| 34 | പെണ്ണാട് വിതരണം - പൂർണ്ണമായും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല | 3.14 | |
| 35 | വി.ഇ.ഒ 11 -കൃത്യമായി രേഖകൾ സൂക്ഷിച്ചിട്ടില്ല- ചെലവ് തുക തടസ്സപ്പെടുത്തുന്നു | 3.15 | |
| 36 | ജാഗ്രതാസമിതി-പ്രവർത്തനം കാര്യക്ഷമമല്ല | 3.16 | |
| 37 | അങ്കണവാടി പോഷകാഹാര വിതരണം കാര്യക്ഷമമാക്കേണ്ടതാണ് | 3.17 | |

| | | | |
|---|---|---|---|
| 38 | പദ്ധതി മോണിട്ടറിംഗ് അനിവാര്യം | 3.18 | |
| | ഭാഗം 4 | | |
| 39 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 | |
| 40 | ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ | 4-2 | |
| 41 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 | |
| 42 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 | |
| 43 | സ്ഥിരനിക്ഷേപങ്ങൾ | 4-5 | |
| 44 | ഓഡിറ്റ് റിക്കവറി | 4-6 | |
| 45 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം. | 4-7 | |
| 46 | ഓഡിറ്റ് പ്രത്യവലോകനം | 4-8 | |
| 47 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-9 | |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 24.03.2017ലെ (1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 31,00,29,761/- രൂപ വരവും 30,14,19,350/-രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 6,89,55,884/-രൂപയും (മുന്നിരിപ്പ് ഉൾപ്പെടെ) ചെലവ് 7,64,58,472/-രൂപയുമാണ്.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2017 | 12.6.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ സമർപ്പിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ / തീയതി |
|---|---|---|
| 2017-18 | 12.6.2018 | KSATVM GP11/1494/2018 Dt 3.9.2018 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | | |
|---|---|---|
| മുന്നിരിപ്പ് | : | 1,50,67,812/- |
| വരവ് | : | 6,89,55,884/- |
| ആകെ | : | 8,40,23,696/- |
| ചെലവ് | : | 7,64,58,472/- |
| നീക്കിയിരിപ്പ് | : | 75,65,224/- |

## 1-5 ഫണ്ട് വിനിയോഗം

| ഇനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി. |
|---|---|---|---|---|---|
| വികസന ഫണ്ട് ജനറൽ | 0 | 13243040 | 13243040 | 13243040 | 0 |
| വികസന ഫണ്ട് എസ്.സി.പി. | 0 | 10271266 | 10271266 | 10271266 | 0 |
| വികസന ഫണ്ട് റ്റി.എസ്.പി. | 0 | 0 | 0 | 0 | 0 |
| മെയിന്റനൻസ്, റോഡ് | 0 | 3653557 | 3653557 | 3653557 | 0 |
| മെയിന്റനൻസ്, നോൺ റോഡ് | 0 | 2223630 | 2223630 | 2223630 | 0 |
| സെന്‍ട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 7120211 | 7120211 | 7120211 | 0 |
| കെ.എൽ.ജി.എസ്.ഡി.പി | 0 | 622372 | 622372 | 622372 | 0 |
| ട്രഷറി ഓൺ ഫണ്ട്<br>VPFA I,II | 71746 | 0 | 71746 | 0 | 71746 |
| ട്രഷറി റ്റി.എസ്.ബി (ജനറൽ പർപ്പസ്) | 4986561 | 11812050 | 16798611 | 15759343 | 1039268 |
| എസ്.ബി.റ്റി ലിറ്ററസി | 10633 | 0 | 10633 | 649 | 9984 |
| എം.എൻ.ആർ.ഇ.ജി.എസ് | 31228 | 951075 | 982303 | 534224 | 448079 |
| എസ്.എസ്.എ | 231367 | 8769 | 240136 | 0 | 240136 |
| എസ്.ബി.റ്റി.പവർഗ്രിഡ് | 304142 | 1993 | 306135 | 0 | 306135 |
| ബി ഫണ്ട് | 0 | 197400 | 197400 | 197400 | 0 |
| എസ്.ബി.ഐ.ഇ-പേയ്മെന്റ് | 0 | 19427 | 19427 | 0 | 19427 |
| സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ-തനത് ഫണ്ട് | 9125496 | 18619218 | 27744714 | 22686573 | 5058141 |
| IOB-തനത് ഫണ്ട് | 606 | - | 606 | - | 606 |
| Dist.Co-operative Bank-തനത് ഫണ്ട് | 159826 | - | 159826 | - | 159826 |
| ക്യാഷ് (തനത് ഫണ്ട്) | 146207 | 211876 | 358083 | 146207 | 211876 |
| ആകെ | 15067812 | 68955884 | 84023696 | 76458472 | 7565224 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പദ്ധതികൾ നടപ്പാക്കിയതിന്റെ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | നിർവഹണോദ്യോഗസ്ഥൻ | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് | നടപ്പാക്കാത്തവ | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|---|---|

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 1 | കൃഷിഓഫിസർ | 11 | 3038145 | 8 | 1390480 | 1 | 2 | 73 |
| 2 | വെറ്ററിനറി സർജൻ | 8 | 7564000 | 7 | 6365924 | 1 | 0 | 88 |
| 3 | മെഡിക്കൽ ഓഫീസർ (പി.എച്ച് സി.) | 7 | 1659000 | 7 | 1605760 | 0 | 0 | 100 |
| 4 | മെഡിക്കൽ ഓഫീസർ (ഹോമിയോ) | 1 | 85000 | 1 | 85000 | 0 | 0 | 100 |
| 5 | മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1 | 1100000 | 1 | 1000000 | 0 | 0 | 100 |
| 6 | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 5898221 | 6 | 4932295 | 1 | 0 | 86 |
| 7 | വി.ഇ.ഒ | 8 | 10772000 | 6 | 10125800 | 2 | 0 | 75 |
| 8 | സെക്രട്ടറി | 27 | 22273185 | 22 | 15718824 | 5 | 0 | 81 |
| 9 | അസി.സെക്രട്ടറി | 10 | 4871698 | 10 | 4698648 | 0 | 0 | 100 |
| 10 | അസി.എഞ്ചിനിയർ | 81 | 39862543 | 61 | 28368026 | 19 | 1 | 75 |
| 11 | ഡയറി ഫാം ഇൻസ്പെക്ടർ | 2 | 2963400 | 2 | 1703000 | 0 | 0 | 100 |
| 12 | ഹെഡ്മിസ്ട്രസ്സ് .ജി.എൽ.പി.എസ്. | 6 | 1700000 | 6 | 1663901 | 0 | 0 | 100 |
| | ആകെ | 169 | 101787192 | 137 | 77657658 | 29 | 3 | 81 |

ജി.ഒ.(എം.എസ് )നം.72/2017/തസ്വഭവ, തീയതി: 29-03-2017 നം ഉത്തരവ് പ്രകാരം അവസ്ഥാവിശകലന റിപ്പോർട്ട് തയ്യാറാക്കി, ഫണ്ടിന്റെ ലഭ്യതയക്കനസരിച്ചം, വർക്കിംഗ് ഗ്രൂപ്പ്, വികസന സെമിനാർ, ഗ്രാമസഭ എന്നിവയുടെ നിർദ്ദേശങ്ങൾ പരിഗണിച്ച് പ്രോജക്ടുകൾക്ക് മുൻഗണന നല്കി നടപ്പിലാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ മേൽപ്പറഞ്ഞ റിപ്പോർട്ടിന്റെ പകർപ്പ് ഓഡിറ്റിന് ലഭ്യമാക്കിയില്ല. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഓഡിറ്റ് വർഷത്തെ പ്രോജക്ടുകളുടെ അനിവാര്യത വിശകലനം ചെയ്യാൻ കഴിഞ്ഞില്ല.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 31228 | 951075 | 982303 | 534224 | 448079 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 25282917 | 25282917 | 25282917 | 0 |
| ആകെ | 31228 | 26233992 | 26265220 | 25817141 | 448079 |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകത്തൊഴിലാളി പെൻഷൻ | 1393400 | 130 |
| തൊഴിൽരഹിത വേതനം | 197400 | വിവരം ലഭ്യമല്ല |
| വിധവാ പെൻഷൻ | 11734800 | 996 |
| വികലാംഗ പെൻഷൻ | 3682000 | 307 |
| 50 വയസിന് മുകളിലുള്ള അവിവാഹിതരായ സ്ത്രീകളുടെ പെൻഷൻ | 148800 | 13 |
| വാർദ്ധക്യ പെൻഷൻ | 25909300 | 2092 |
| ആകെ | 43065700 | |

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.09.2018 രാവിലെ 10.45 മണിക്ക് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തി. 43,081/-രൂപ നീക്കിയിരുപ്പിന്റെ കൃത്യത പരിശോധിച്ച് ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണസംവിധാനം മെച്ചപ്പെടേണ്ടതുണ്ട്. സെക്രട്ടറി ഓഫീസ് ഉത്തരവുകൾ പുറപ്പെടുവിച്ച് ജീവനക്കാർക്ക് ജോലി വിഭജിച്ചു നൽകിയിട്ടുണ്ട്. വൗച്ചറുകളും, ബന്ധപ്പെട്ട രജിസ്റ്ററുകളും, രേഖകളും പരിശോധിച്ച് പ്രതിമാസ കണക്കുകളിൽ ഉൾക്കൊള്ളിച്ച ചെലവുകൾ ബജറ്റിൽ അധികരിച്ചിട്ടില്ലെന്നും മിതവും കാര്യക്ഷമവുമാണെന്ന് ഉറപ്പുവരുത്തുന്നതിൽ വീഴ്ചയുണ്ട്. പഞ്ചായത്തിലെ അക്കൗണ്ടിംഗ് സമ്പ്രദായം കുറ്റമറ്റതാകേണ്ടതുണ്ട്. പണംസ്വീകരിക്കുന്നതിനും, ഡെപ്പോസിറ്റ് ചെയ്യുന്നതിനും വ്യത്യസ്ത സെക്ഷനുകൾക്ക് ചുമതല വിഭജിച്ചു നല്കിയിട്ടുണ്ട്. ചെലവുകൾക്ക് വൗച്ചറുകളും, സബ് വൗച്ചറുകളും സൂക്ഷിക്കുന്നതിൽ അപാകമുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി ഇനങ്ങളിലെ ഡിമാന്റ് കളക്ഷൻ ബാലൻസ് തുകകൾ ക്യാഷ്ബുക്കുമായി പൊരുത്തപ്പെടുന്നുവെങ്കിലും സെക്ഷൻ പരിപാലിക്കുന്ന രജിസ്റ്ററും എ.എഫ്.എസ്സുമായി പൊരുത്തപ്പെടുന്നില്ല. വരവുകൾ കൃത്യമായി തിട്ടപ്പെടുത്തുകയും ഈടാക്കുകയും ചെയ്യുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിന് മതിയായ സംവിധാനം ഇല്ല.

മരാമത്ത് പ്രവൃത്തികൾ സംബന്ധിച്ച അളവ് പുസ്തകവും ഫയലുകളും സൂക്ഷിക്കുന്നുവെങ്കിലും ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. ഓഫീസ് വാഹനത്തിന്റെ പരിപാലനവും, രജിസ്റ്ററുകൾ രേഖകൾ എന്നിവയുടെ സൂക്ഷിപ്പും മെച്ചപ്പെടേണ്ടതുണ്ട്. ജീവനക്കാരുടെ ശമ്പളം ഉൾപ്പെടെയുള്ള തുകകൾ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ട്രാൻസ്ഫർ ചെയ്യുന്നുണ്ട്. ഭരണപരമായ നയങ്ങളുടെ പരിപാലനം നടപടിക്രമങ്ങൾ, കടമകൾ എന്നിവ നിറവേറ്റുന്നതിൽ പഞ്ചായത്ത് ഏറെക്കുറെ

തൃപ്തികരമായ പ്രവർത്തനം നടത്തിയിട്ടുണ്ട്. ഗുണഭോക്തൃ തെരഞ്ഞെടുപ്പ് കൂടുതൽ ജനകീയമാക്കേണ്ടതുണ്ട്. ധനകാര്യ ഇടപെടലുകളുടെ കൃത്യത, പൂർണത, നിയമസാധുത എന്നിവ ഉറപ്പാക്കാൻ ഗ്രാമപഞ്ചായത്ത് ഇനിയും മുന്നോട്ട് പോകേണ്ടതുണ്ടെന്ന് വിലയിരുത്തുന്നു. ഭരണ-ഉദ്യോഗസ്ഥ തലത്തിലെ ഏകോപനം കൂടുതൽ മെച്ചപ്പെടുത്തി ഭരണം ചലനാത്മകമാക്കേണ്ടതുണ്ട്. .

(i)പൊതുഭരണം

ഫ്രണ്ട് ഓഫീസ് സംവിധാനം മെച്ചപ്പെടുത്തണം

ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുക വഴി ഭരണഘടനയുടെ ആമുഖത്തിൽ വിഭാവനം ചെയ്യുന്ന സാമൂഹ്യനീതി, പദവിയിലും അവസരത്തിലുമുള്ള തുല്യത, ഓരോ വ്യക്തിയുടെയും സ്വാഭിമാനം എന്നിവ സേവനപ്രദാന സംവിധാനത്തിൽ ഉറപ്പുവരുത്തുവാൻ സഹായിക്കുന്നു. ഇതിലേയ്ക്കായി സർക്കാർ വിശദമായ മാർഗരേഖ പുറപ്പെടുവിച്ചിട്ടുണ്ട് (.സ.ഉ(കൈ) 123/09 ത.സ്വ.ഭ.വ തീ.02.07.2009). മാർഗരേഖയുടെ അടിസ്ഥാനത്തിൽ പഞ്ചായത്ത് സ്വീകരിച്ച നടപടി ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവർത്തനം | പഞ്ചായത്ത് സ്വീകരിച്ച നടപടി |
|---|---|---|
| 1 | ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകണം | ജീവനക്കാർക്ക് ജോലി വിഭജിച്ച് നൽകിയിട്ടുണ്ട്. |
| 2 | പ്രതിമാസ ഓഫീസ് മീറ്റിംഗ് കൂടണം | ഓഫീസ് മീറ്റിംഗ് മിനിട്ട്സ് ഹാജരാക്കിയിട്ടില്ല |
| 3 | പ്രതിമാസ പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റി ഭരണസമിതിക്ക് നൽകണം | പ്രവർത്തന പരിപാടി തയ്യാറാക്കി സ്റ്റിയറിംഗ് കമ്മിറ്റിക്ക് നൽകിയിട്ടില്ല |
| 4 | റെക്കോർഡ് റൂം പരിപാലനം | റെക്കോർഡ് റൂം പരിപാലിച്ചിട്ടില്ല |
| | ഫ്രണ്ട് ഓഫീസ് | |
| 5 | രജിസ്ട്രേഷൻ/വിതരണ രജിസ്റ്റർ പരിപാലനം. | വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടുണ്ട് |
| 6 | അപേക്ഷ/പരാതിക്ക് കൈപ്പറ്റ് രസീത് നൽകണം | കൈപ്പറ്റ് രസീത് നൽകാറുണ്ട് |
| 7 | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിക്കണം | ഫ്രണ്ട് ഓഫീസ് ഡയറി തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല |
| 8 | ഫ്രണ്ട് ഓഫീസ് ഡ്യൂട്ടിരജിസ്റ്റർ തയ്യാറാക്കി സൂക്ഷിക്കണം | രജിസ്റ്റർ പൂർണ്ണമല്ല |
| 9 | ഫോറം വിതരണ രജിസ്റ്റർ പരിപാലനം | ഫോറം വിതരണ രജിസ്റ്റർ പരിപാലിച്ചിട്ടില്ല |
| 10 | സൗജന്യമായി വിതരണം ചെയ്യുന്ന ഫോറങ്ങളുടെ വിവരം ഫ്രണ്ട് ഓഫീസിൽ എഴുതി പ്രദർശിപ്പിക്കണം | ഓഫീസിൽ എഴുതി പ്രദർശിപ്പിച്ചിട്ടില്ല |
| 11 | വില ഈടാക്കുന്നവയ്ക്ക് വിതരണ രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തണം. 2017-18 സാമ്പത്തിക വർഷത്തിൽ ഈയിനത്തിൽ ലഭിച്ച ആകെ വരവ് | രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല. 3420/-രൂപ |
| 12 | ലഭിക്കുന്ന തപാലുകൾ അന്നേദിവസം തന്നെ സെക്ഷനുകൾക്ക് നൽകണം<br>PR ൽ ചേർത്ത വിവരം സൂപ്പർവൈസർ മോണിറ്റർ ചെയ്യണം | തപാലുകൾ പിറ്റേ ദിവസം സെക്ഷനുകൾക്ക് നൽകാറുണ്ട്<br>മോണിറ്ററിംഗ് നടത്താറില്ല |
| 13 | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരണം | ഫ്രണ്ട് ഓഫീസ് മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടില്ല |

| | | |
|---|---|---|
| 14 | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് വൈസ് പ്രസിഡന്റും സൂപ്പർവൈസറും ചേർന്ന് തയ്യാറാക്കി ഭരണ സമിതിക്ക് നൽകണം | ഫ്രണ്ട് ഓഫീസ് പ്രവർത്തനം സംബന്ധിച്ച് റിപ്പോർട്ട് നൽകാറില്ല |
| 15 | കേ.പ.രാ.(ഭേദഗതി) നിയമം 1999 അദ്ധ്യായം 25 സി,വകുപ്പ് 272എ(1) ബന്ധപ്പെട്ട ചട്ടങ്ങൾ എന്നിവ പ്രകാരം പൗരാവകാശ രേഖ പുറപ്പെടുവിക്കണം | പൗരാവകാശ രേഖ പുറപ്പെടുവിച്ചിട്ടില്ല |

ഫ്രണ്ട്ഓഫീസിന്റെ ഫലപ്രദമായ പ്രവർത്തനം നിരീക്ഷിക്കുന്നതിൽ ചുമതലയേൽപ്പിച്ച ഉദ്യോഗസ്ഥന്റെയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും ശ്രദ്ധ ഉണ്ടായിട്ടില്ല. ഫ്രണ്ട്ഓഫീസ് സംവിധാനം മെച്ചപ്പെടുത്താൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

ii) സേവനാവകാശം

സംസ്ഥാന സേവനാവകാശ നിയമം (01/01/2013-ലെ സ.ഉ (എം.എസ്) നമ്പർ 03/2013/തസ്വഭവ). പ്രകാരവും കേരള സംസ്ഥാന സേവനാവകാശം (Removal of Difficulties) ഉത്തരവ് ജി.ഒ.(പി) നമ്പർ 14/2013/പി.ആൻറ് എ.ആർ.ഡി 20/04/2013-ലെ കേരള സംസ്ഥാന സേവനാവകാശ നിയമം 2012 (18/06/2012) വകുപ്പ് മൂന്നിലെ ദേഭഗതി പ്രകാരവും ചുമതലപ്പെടുത്തിയത് അനുസരിച്ചും സംസ്ഥാനത്തെ ഗ്രാമപഞ്ചായത്തുകളിൽ നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ അനുവദിച്ച് നൽകേണ്ടതാണ്.

ഗ്രാമപഞ്ചായത്തിൽ തൻ വർഷം ലഭിച്ച അപേക്ഷകളുടെയും അവയിൽ തീർപ്പാക്കിയതിന്റെയും വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | സേവനങ്ങളുടെ വിവരം | സമയപരിധി | 2017-18 വർഷം ലഭിച്ച അപേക്ഷകൾ | സമയ പരിധിക്കുള്ളിൽ തീർപ്പാക്കിയവ | തീർപ്പാക്കൽ % |
|---|---|---|---|---|---|
| 1 | ജനന രജിസ്ട്രേഷൻ (1969 -ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) (1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | (1) ആശുപത്രിയിൽ വച്ച് നടന്ന ജനനമെങ്കിൽ റിപ്പോർട്ടു ലഭിക്കുന്ന ദിവസം (ആശുപത്രി, കിയോസ്ക് സൗകര്യം ഉള്ള സ്ഥലങ്ങളിൽ മാത്രം)<br>2) മറ്റുള്ളവ 7 പ്രവൃത്തി ദിവസം | 1 | 1 | 100% |
| 2 | മരണ രജിസ്ട്രേഷൻ (1969 -ലെ ജനന-മരണ രജിസ്ട്രേഷൻ ആക്ട്) (1999-ലെ കേരള ജനന-മരണ രജിസ്ട്രേഷൻ ചട്ടങ്ങൾ) | 15 പ്രവൃത്തി ദിവസം (ആശുപത്രി, കിയോസ്ക് സൗകര്യം ഉള്ള സ്ഥലങ്ങളിൽ മാത്രം)<br>(1) വീട്ടിലും സ്ഥാപനങ്ങളിലും വച്ചുള്ള മരണം അന്വേഷിച്ച് രജിസ്റ്റർ ചെയ്യുന്നതിന് 7 പ്രവൃത്തി ദിവസം.<br>(2) ആശുപത്രിയിൽ വച്ച നടന്ന മരണം റിപ്പോർട്ട് ലഭിക്കുന്ന ദിവസം | 146 | 146 | 100% |
| 3 | ജനനം/മരണം താമസിച്ച രജിസ്റ്റർ ചെയ്യൽ (1969-ലെ | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം | 28 | 28 | 100% |

| | | | | | |
|---|---|---|---|---|---|
| | ജനന-മരണ രജിസ്ട്രേഷൻ ആക്ട്) | | | | |
| 4 | ജനന/മരണ സർട്ടിഫിക്കറ്റ് | (1) 12ാം വകുപ്പ് പ്രകാരമുള്ള ജനന സർട്ടിഫിക്കറ്റ് രജിസ്ട്രേഷൻ ദിവസം<br>(2) മറ്റുള്ളവ 7 പ്രവൃത്തി ദിവസം | 118 | 118 | 100% |
| 5 | വിവാഹ രജിസ്ട്രേഷൻ (2008 -ലെ കേരള വിവാഹങ്ങൾ രജിസ്റ്റർ ചെയ്യൽ (പൊതു) ചട്ടങ്ങൾ പ്രകാരം ഒരു വർഷത്തിനുശേഷമുള്ള വിവാഹ രജിസ്ട്രേഷൻ) | അനുമതി ലഭിച്ച് 7 പ്രവൃത്തി ദിവസം | 11 | 11 | 100% |
| 6 | കെട്ടിട ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യൽ | 45 ദിവസം | 164 | 152 | 93% |
| 7 | കെട്ടിട ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റ് | 3 പ്രവൃത്തി ദിവസം | 116 | 112 | 97% |
| 8 | താമസക്കാരനാണെന്നുള്ള സർട്ടിഫിക്കറ്റ് | 7 പ്രവൃത്തി ദിവസം | 135 | 129 | 96% |
| 9 | ഫാക്ടറികൾ, വ്യവസായ സ്ഥാപനങ്ങൾ, വർക്ക് ഷോപ്പുകൾ തുടങ്ങിയവ ആരംഭിക്കുന്നതിനുള്ള ലൈസൻസ് | (1) മറ്റ് സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ടതില്ലാത്ത കേസുകളിൽ 30 ദിവസം<br>(2) ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ /വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകം | 47 | 43 | 91% |
| 10 | വ്യാപാര സ്ഥാപനത്തിനുള്ള ലൈസൻസ് | (1) മറ്റ് സ്ഥാപനങ്ങളിൽ നിന്നും നിരാക്ഷേപ സാക്ഷ്യപത്രം വാങ്ങേണ്ടതില്ലാത്ത കേസുകളിൽ 30 ദിവസം<br>(2) ആവശ്യമായ രേഖകൾ ഹാജരാക്കിയാൽ / വാങ്ങേണ്ട സംഗതിയിൽ അവ ലഭിച്ച് കഴിഞ്ഞ് 45 ദിവസത്തിനകം | 426 | 422 | 99% |

മുഴുവൻ അപേക്ഷകളും സമയ ബന്ധിതമായി പൂർത്തീകരിച്ച് നൽകിയിട്ടില്ല. പൊതുജനങ്ങൾക്ക് പഞ്ചായത്തുകളിൽ

നിന്നും നൽകിവരുന്ന സേവനങ്ങൾ, നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ലഭ്യമാക്കാൻ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക പരിഗണന നല്കേണ്ടതുണ്ട്.

iii)പൗരാവകാശരേഖ പ്രസിദ്ധീകരിച്ചിട്ടില്ല

1994-ലെ തദ്ദേശസ്വയംഭരണ സ്ഥാപന നിയമങ്ങളിലെ ഭേദഗതിയിലൂടെ പൗരാവകാശരേഖ സംബന്ധിച്ച വ്യവസ്ഥ കേരളത്തിലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ബാധകമാക്കിയിരുന്നു. ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനവും അതിൻകീഴിൽ കൈമാറിക്കിട്ടിയ ഓഫീസുകളും ആ പ്രദേശത്തെ പൗരൻമാർക്ക് ലഭ്യമാകുന്ന വിവിധ സേവനങ്ങളും അവ ലഭ്യമാക്കുന്ന അവസരങ്ങൾ, സമയപരിധി, നടപടിക്രമം എന്നിവയടങ്ങിയ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രേഖയാണത്. 1994-ലെ കേരള പഞ്ചായത്ത് രാജ് (പൗരാവകാശരേഖ തയ്യാറാക്കൽ )ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റി, നിലവിലുള്ള പഞ്ചായത്ത് ചട്ടങ്ങൾ പ്രാബല്യത്തിൽ വന്ന് ആറ് മാസത്തിൽ കവിയാത്ത കാലയളവിനുള്ളിൽ പൗരാവകാശരേഖ തയ്യാറാക്കി പ്രസിദ്ധീകരിക്കേണ്ടതും പ്രധാന സ്ഥലങ്ങളിൽ പ്രദർശിപ്പിക്കുകയും പൊതുജനങ്ങൾക്ക് സൗജന്യമായി വിതരണം ചെയ്യേണ്ടതുമാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ അത്തരം പൗരാവകാശരേഖ നാളിതുവരെയും പ്രസിദ്ധീകരിച്ചിട്ടില്ല.

ജനാധിപത്യ സംവിധാനത്തിൽ ഭരണസ്ഥാപനങ്ങളിൽ നിന്നും പൗരന് ലഭിക്കേണ്ട അവകാശങ്ങളെ കുറിച്ചും അവയുടെ നിർവഹണത്തെക്കുറിച്ചും ഉറപ്പ് വരുത്തുവാൻ ഉത്തരവാദിത്വമുള്ള സെക്രട്ടറിയും സേവനമേഖലയിലെ വർക്കിംഗ് ഗ്രൂപ്പിന്റെ മേൽനോട്ട ചുമതലയുള്ള വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിയും അർപ്പിതമായ ഉത്തരവാദിത്തം നിറവേറ്റി കാണുന്നില്ല.

പൊതുജനങ്ങൾക്കും, ജീവനക്കാർക്കും ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ, വിവര വ്യൂഹത്തിന്റെ പൂർണമാക്കൽ, പരിഷ്കരണം എന്നിവ നിരീക്ഷിയ്ക്കേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. അത് ഉറപ്പ് വരുത്താൻ, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ശ്രദ്ധിയ്ക്കേണ്ടതുണ്ട്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 13.05.18 | 04/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല. |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 24.04.18-05.05.18 | 2013-14മുതൽ 2017-18 വരെ | 13.06.2018 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ

1) ക്യാഷ് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ്, ബാങ്ക് ബുക്ക് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

a) ക്യാഷ് ബുക്ക് പ്രകാരം 5/4/17 ൽ Central Bank of India യുടെ തനത് ഫണ്ടിൽ നിന്നും 8,385/- രൂപ ക്യാഷായി പിൻവലിച്ച് പഞ്ചായത്ത് വരവായി രേഖപ്പെയുത്തിയിട്ടുണ്ട് എന്നാൽ ബാങ്ക് സ്റ്റേറ്റ്മെന്റിൽ അന്നേ ദിവസം 8,583/- രൂപയാണ് പിൻവലിച്ചിരിക്കുന്നതായി കാണുന്നത്. ഈ വ്യത്യാസം മാർച്ച് മാസം പൊരുത്തപ്പെടുത്തിയതായി ഓഡിറ്റ് എൻക്വയറി 29/26.9.18-ന്റ മറുപടിയായി നൽകിയിരിക്കുന്നു. 2011ലെ കേരള പഞ്ചായത്തിരാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 57 പ്രകാരം ബാങ്ക് ബുക്കിലെ നീക്കിയിരിപ്പുകൾ ഓരോ മാസത്തിന്റേയും അവസാനം ലഭിക്കുന്ന ബാങ്ക് /ട്രഷറി അക്കൌണ്ട് ബാലൻസ് സ്റ്റേറ്റ്മെന്റുകളിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടേണ്ടതാണ്.

b) ക്യാഷ് ബുക്ക് പ്രകാരം Central Bank of India യുടെ തനത് ഫണ്ടിൽ നിന്നും ശമ്പളത്തിനായി 6,70,087/- രൂപ ക്യാഷായി പിൻവലിച്ച് പഞ്ചായത്ത് വരവായി രേഖപ്പടുത്തിയിട്ടുണ്ട് എന്നാൽ ബാങ്ക് ബുക്കിലും ബാങ്ക് സ്റ്റേറ്റ്മെന്റിലും രേഖപ്പെടുത്തി കാണുന്നില്ല. 2011ലെ കേരള പഞ്ചായത്തിരാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 27 പ്രകാരം എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ ജേണൽ വൗച്ചർ വഴി അക്രൂ ചെയ്യേണ്ടതാണ്.

ബാങ്ക് ബുക്ക് ക്യാഷ് ബുക്ക് എന്നിവ പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നു എന്ന് എൻക്വയറി 29-ന്റ മറുപടിയായി നൽകിയിരിക്കുന്നു.

2) ഔട്ട് ഡോർ കളക്ഷൻ രജിസ്റ്റർ ഹാജരാക്കിയില്ല

റസീപ്റ്റ് ബുക്ക് നമ്പർ 36845-ന്റെ ഔട്ട് ഡോർ കളക്ഷൻ രജിസ്റ്റർ 29.9.2018-ലെ ഓഡിറ്റ് റിക്വിസിഷൻ നമ്പർ -2 പ്രകാരം ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്കായി ഹാജരാക്കിയിട്ടില്ല.

3)വൗച്ചർ സൂക്ഷിക്കുന്നതിൽ അപാകം

പഞ്ചായത്തിലെ ചെലവ് വൗച്ചറുകൾ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011 ചട്ടം 10 പ്രകാരമല്ല പരിപാലിച്ചിട്ടുള്ളത്. ധനകാര്യ ഇടപാടുകൾ രേഖപ്പെടുത്താൻ ക്യാഷ് വൗച്ചർ, ബാങ്ക് വൗച്ചർ, ജേർണൽ വൗച്ചർ, കോൺട്രാ വൗച്ചർ എന്നിവ പ്രത്യേകം നമ്പറിട്ട് സാക്ഷ്യപ്പെടുത്തിയും, ബില്ലുകൾ/ഇൻവോയ്സുകൾ ക്യാൻസൽചെയ്തും സൂക്ഷിക്കണമെന്ന നിർദ്ദേശവും പാലിച്ചിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗകമ്മിറ്റിയുടെ പ്രതിമാസ ഓഡിറ്റ് വേളയിൽ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബജറ്റ് രൂപീകരണം- നടപടിക്രമം പാലിച്ചില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് , വകുപ്പ് 214 ഉപവകുപ്പ് (1) പ്രകാരം വകുപ്പ് പ്രകാരം സർക്കാർ അതതു സമയം പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങളും നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങളും വിധേയമായി വാർഷിക ബജറ്റ് രൂപീകരണത്തിനായി ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | നടപടിക്രമം | ഗ്രാമപഞ്ചായത്തിന്റെ നടപടിക്രമം |
|---|---|---|---|
| 1 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസൽ ആവശ്യപ്പെടൽ | 2016ഡിസംബർ 15-ന് മുൻപ് | ബജറ്റ് പ്രപ്പോസൽ ആവശ്യപ്പെട്ടിട്ടില്ല |
| 2 | നോൺപ്ലാൻ വരവ് ചെലവുകളുടെ കരട് പ്രപ്പോസലുകൾ ഘടകസ്ഥാപനങ്ങൾ സമർപ്പിക്കൽ | 2017ജനവരി 15-ന് മുൻപ് | ഘടകസ്ഥാപനങ്ങൾ സമർപ്പിച്ചിട്ടില്ല |
| 3 | ക്രോഡീകരണത്തിനായി വിവിധ സ്റ്റാന്റിംഗ് കമ്മറ്റികൾ ചേരൽ | 2017ജനവരി 25-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 4 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയിൽ പ്രൊപ്പോസൽ വയ്ക്കൽ,ക്രോഡീകരണം | 2017ഫെബ്രുവരി 1-ന് മുൻപ് | വിവരം മിനിട്ട്സിൽ രേഖപ്പെടുത്തിയിട്ടില്ല. |
| 5 | ബജറ്റ് വർഷത്തേക്കുള്ള വാർഷിക പദ്ധതി അംഗീകാരം | 2017ഫെബ്രുവരി 28-ന് മുൻപ് | 24.05.2017 |
| 6 | ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി കരട് ബജറ്റ് നിർമ്മാണം/അംഗീകരിക്കൽ | 2017മാർച്ച് 1-ന് മുൻപ് | 24.03.2017 |
| 7 | കരട് ബജറ്റ് ചർച്ച ചെയ്യുന്നതിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 7-ന് മുൻപ് | പ്രത്യേക കമ്മിറ്റി ചേർന്നിട്ടില്ല |
| 8 | അന്തിമ ബജറ്റ് അംഗീകാരത്തിനായി പ്രത്യേക പഞ്ചായത്ത് കമ്മറ്റി ചേരൽ | 2017മാർച്ച് 31-ന് മുൻപ് | 24.03.17 |

ബജറ്റ് തയ്യാറാക്കുന്നതിനാവശ്യമായ ശുപാർശകൾ ലഭ്യമാക്കുവാൻ ഗ്രാമപഞ്ചായത്ത് ഘടകസ്ഥാപനങ്ങളോട് ആവശ്യപ്പെടുകയോ സ്ഥാപനങ്ങൾ ശുപാർശ സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പഞ്ചായത്ത് രാജ് നിയമത്തിലെ 214-ാം വകുപ്പിൽ നിഷ്കർഷിച്ചിരിക്കുന്ന നടപടിക്രമങ്ങൾ പൂർണ്ണമായും പാലിക്കാതെയും, ഘടകസ്ഥാപനങ്ങളുടെ ആവശ്യകതാ

നിർണ്ണയം നടത്താതെയുമാണ് ബജറ്റ് തയ്യാറാക്കിയത്. സാംഖ്യാ അധിഷ്ഠിത ഫംഗ്ഷൻ-ഫംഗ്ഷണറി അടിസ്ഥാനത്തിലല്ല പഞ്ചായത്ത് ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്. ആയതിനാൽ ഓരോ ഇനങ്ങൾക്കും ബജറ്റിൽ വകയിരുത്തിയതിനെക്കാൾ കൂടുതൽ തുക ചെലവഴിച്ചോയെന്ന് പരിശോധിക്കാനായില്ല. ബജറ്റ് എന്നത് വരവ് ചെലവുകളുടെ യാന്ത്രികമായ പ്രയോഗത്തിനുമപ്പുറം സ്ഥാപനത്തിന്റെ ഒരുവർഷത്തെ പ്രവർത്തനങ്ങളുടെ ഒരു പ്രതീക്ഷിത രേഖയാണെന്ന ബോദ്ധ്യം ഉണ്ടാകേണ്ടതും അതിനനുസൃതമായ ബജറ്റ് തയ്യാറാക്കേണ്ടതും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്.

## 2-2 വസ്തു നികുതി അപാകങ്ങൾ

i) ജി.ഒ .(എം.എസ്).144/2015/ത.സ്വ.ഭ.വ, തീയതി 27.4.2015 പ്രകാരം 660 sq.feet ന് താഴെ തറവിസ്തീർണ്ണമുള്ള പാർപ്പിടാവശ്യത്തിനുള്ള എല്ലാ കെട്ടിടങ്ങളെയും നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെങ്കിലും ജി.ഒ.(എം. എസ്.)358/2015/ ത.സ്വ.ഭ.വ, തീയതി 16.12.2015 പ്രകാരം സത്യവാങ്മൂലം സമർപ്പിച്ച കെട്ടിടങ്ങളെ മാത്രമാണ് നികുതിയിൽ നിന്നും ഒഴിവാക്കേണ്ടത്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ സത്യവാങ്മൂലം സമർപ്പിക്കാതെ X1/168 എന്ന കെട്ടിടത്തെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം-15/24.09.18) പ്രസ്തുത കെട്ടിടത്തിന്റെ ഡാറ്റാ എൻട്രിയിൽ 40ച.മീ. എന്ന് തെറ്റായി രേഖപ്പെടുത്തിയത് കൊണ്ടാണ് നികുതിയിൽ നിന്നും ഒഴിവാക്കിയത് എന്നും ആയത് റിവോക്ക് ചെയ്ത് കറക്ട് ചെയ്തു എന്ന് മറുപടി നൽകിയെങ്കിലും ആയത് സഞ്ചയ സോഫ്റ്റ് വെയറിന്റെ പരിശോധനയിൽ വ്യക്തമായിട്ടില്ല. ഇത് സംബന്ധിച്ച വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

ii)ജി.ഒ(കൈ).106/17/തസ്വഭവ, തീ.26.05.2017 പ്രകാരം 2000 sq.feet(185$m^2$) ൽ കൂടുതൽ തറവിസ്തീർണ്ണമുള്ള വിമുക്ത ഭടൻമാരുടെ വീടുകൾക്ക് 2000 sq.feet കഴിഞ്ഞുള്ള അധിക തറവിസ്തീർണ്ണത്തിന് അതത് കാലത്ത് ബാധകമായ നികുതി നിർണ്ണയിക്കേണ്ടതാണ്.

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ 2000 sq.feet ന് മുകളിൽ തറവിസ്തീർണ്ണമുള്ള താഴെ പറയുന്ന വിമുക്ത ഭടൻമാരുടെ കെട്ടിടങ്ങളെ നികുതിയിൽ നിന്നും ഒഴിവാക്കിയതായി കാണുന്നു.

| വാർഡ്/കെട്ടിട നം. | കെട്ടിട ഉടമയുടെ പേര് | തറവിസ്തീർണ്ണം | കുടിശ്ശിക | റിമാർക്സ് |
|---|---|---|---|---|
| 7/176 | ചന്ദ്രലേഖ,ശിവപ്രസാദം | 197$m^2$ | 767/- | 2017-18 കാലയളവിലെ സഞ്ചയ പ്രകാരമുള്ള കുടിശ്ശിക തുക |
| 9/69 | എസ്.ലോഹിതൻ,കാർത്തിക | 380$m^2$ | 437/- | 2013-14 കാലയളവിലെ കുടിശ്ശിക |
| 9/555 | ശിവകുമാർ,ശിവം | 241$m^2$ | 6559/- | 2013-14 മുതൽ 2017-18 വരെയുള്ള കുടിശ്ശിക |
| ആകെ | | | 7763/- | |

പ്രസ്തുത കെട്ടിട ഉടമകളിൽനിന്നും കുടിശ്ശികയുള്ള 7,763/- ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

iii)മൊബൈൽ ടവറിന്റെ വസ്തുനികുതി ഈടാക്കിയിട്ടില്ല

| വാർഡ്/കെട്ടിട നം. | ടവറിന്റെ പേര് | തറവിസ്തീർണ്ണം | ഈടാക്കുന്ന നികുതി | കുടിശ്ശിക |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| X/733 | BSNL Sub Divisional Engineer,BSNL Tower,കണിയാപുരം | 15 ച.മീ | 9450/- | 47,250/- (2013-14 മുതൽ 2017-18 വരെ) |

മൊബൈൽ ടവറിന്റെ (BSNL)വസ്തുനികുതി 2013-14 മുതൽ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15/24.09.18) നികുതി ഈടാക്കുന്നതിനായി RR നോട്ടീസ് നൽകിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. BSNL ടവറിന്റെ വസ്തുനികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 തൊഴിൽ നികുതി നടപടിക്രമം പാലിച്ചില്ല- വരുമാനനഷ്ടത്തിന് സാധ്യത

അംഗീകരിച്ച ബജറ്റ് പ്രകാരം തൊഴിൽ നികുതിയിനത്തിൽ 15,00,000/-രൂപയുടെ വരവാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ തൻവർഷത്തെ യഥാർത്ഥ വരവ് 23,34,980/- രൂപയാണ്. ബജറ്റ് തയ്യാറാക്കിയ വേളയിൽ വിഭവസമാഹരണം സംബന്ധിച്ച പ്രാഥമിക വിവരശേഖരണം നടത്താത്തതിനാലാണ് ഇത്തരം അന്തരമുണ്ടായത്.

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം തൊഴിൽനികുതി ഈടാക്കുന്നതിനുള്ള നടപടിക്രമം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വകുപ്പ് | നടപടിക്രമം |
|---|---|---|
| 1 | 205(ബി) | നികുതിയ്ക്ക് വിധേയരായവരുടെ ലിസ്റ്റ് നിർദ്ദിഷ്ടസമയപരിധിയ്ക്കുള്ളിൽ സമർപ്പിക്കുവാൻ ഉടമസ്ഥനോടോ കൈവശക്കാരനോടോ സെക്രട്ടറി ആവശ്യപ്പെടേണ്ടതാണ്. |
| 2 | 205(ഇ) | സ്ഥാപനങ്ങൾ മുതലായവയുടെ പേര് നൽകുന്നതിന് ആവശ്യപ്പെടൽ. |
| 3 | 205(സി) | തൊഴിലുടമയോടോ അവരുടെ പ്രതിനിധികളോടോ ലിസ്റ്റ് സമർപ്പിക്കുവാൻ ആവശ്യപ്പെടൽ. |
| 4 | 205(എഫ്1) | ഓരോ വർഷവും ഓഗസ്റ്റ് മാസത്തിന്റെയും ഫെബ്രുവരി മാസത്തിന്റെയും അവസാനത്തിന് മുമ്പ് ഓരോ ഓഫീസ് മേധാവിയും തൊഴിലുടമയും നികുതി അടയ്ക്കേണ്ടതായ എല്ലാ ജീവനക്കാരുടെയും നികുതി തിട്ടപ്പെടുത്തേണ്ടതും അവരിൽ നിന്നും തുക ഈടാക്കേണ്ടതുമാണ്. |
| 5 | 205(ഡി) | തൊഴിലുടമകൾ നികുതി വസൂലാക്കൽ. |

തൻ വർഷത്തെ തൊഴിൽ നികുതി അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കണ്ടെത്തി.

i)നികുതി ഡിമാന്റ് ചെയ്തിട്ടില്ല

ഡി&ഒ ലൈസൻസ് അനുവദിച്ച ഒന്നിൽ കൂടുതൽ ജീവനക്കാർ ജോലി ചെയ്യുന്ന വ്യാപാരസ്ഥാപനങ്ങളിലെ ഉടമകളിൽ നിന്നും ജീവനക്കാരുടെ വേതന വിവരങ്ങൾ ഉൾപ്പെട്ട പത്രിക വാങ്ങി തൊഴിൽ നികുതി ഡിമാന്റ് ചെയ്തിട്ടില്ല. ഉദാഹരണമായി ഡി&ഒ ലൈസൻസിനായി സമർപ്പിച്ച ആദ്യ 100 അപേക്ഷകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

| ക്രമ നം | വാർഡ്/കെട്ടിട നമ്പർ | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം | ജീവനക്കാർ |
|---|---|---|---|---|
| 1 | XIV/225 | തോമസ് കെ.പി | ബേക്കറി സാധന നിർമ്മാണം | 8 |
| 2 | V/120,121,122 | ഷാഫി.കെ | സിമന്റ് ടൈൽ വില്പന | 6 |
| 3 | 9/309 | ബിജു.കെ തോമസ് | ഗ്ലാസ്& സെറാമിക്സ് വില്പന | 7 |
| 4 | V/656 | വിക്രമൻ നായർ | സിമന്റ് ബ്രിക്സ് നിർമ്മാണം | 5 |
| 5 | XIV/274 | വിനായക് മോഹൻദാസ് | സൂപ്പർ മാർക്കറ്റ് | 6 |
| 6 | X1/403 | നിസ എച്ച്.എ. | പെട്രോൾ പമ്പ് | 7 |

ii) നിർദ്ദിഷ്ട മാതൃകയിൽ പത്രിക സമർപ്പിച്ചിട്ടില്ല

നിർദ്ദിഷ്ട മാതൃകയിലുള്ള പത്രികയിൽ വേണം സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ ജീവനക്കാരുടെ വരുമാനയിനങ്ങളെല്ലാം ഉൾപ്പെടുത്തിയാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായില്ല. ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ നിർദ്ദിഷ്ട മാതൃകയിലുള്ള അപേക്ഷ സമർപ്പിച്ചിട്ടില്ല.

a)കെ.എസ്.ഇ.ബി. കഴക്കൂട്ടം - രണ്ടാം അർദ്ധവർഷം

b)ഏഷ്യൻ സ്കൂൾ ഓഫ് ബിസിനസ് -രണ്ടാം അർദ്ധവർഷം

iii) പത്രിക പൂർണ്ണമല്ല.

ജീവനക്കാരുടെ വരുമാനം സംബന്ധിച്ച എല്ലാ രേഖപ്പെടുത്തലുകളും വരുത്തിവേണം സ്ഥാപനങ്ങൾ റിട്ടേണുകൾ സമർപ്പിക്കേണ്ടത്. അപ്രകാരം സമർപ്പിച്ചിട്ടില്ലാത്തതിനാൽ യഥാർത്ഥ വരുമാനത്തിനനുസരിച്ചാണോ തൊഴിൽ നികുതി ഈടാക്കിയതെന്ന് ഉറപ്പാക്കാനായില്ല. ഇത്തരത്തിലും വരുമാന നഷ്ടത്തിന് സാധ്യതയുണ്ട്. ഓഡിറ്റിന് ഹാജരാക്കിയ അപേക്ഷകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കുന്ന സ്ഥാപനങ്ങൾ മേൽ സൂചിപ്പിച്ച പ്രകാരം റിട്ടേൺ സമർപ്പിച്ചിട്ടില്ല.

a)യുകോ ബാങ്ക്, കൊയ്ത്തൂർക്കോണം - ഒന്നാം അർദ്ധവർഷം

b)സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കണിയാപുരം-ഒന്നാം അർദ്ധവർഷം

iii)തൊഴിൽ നികുതി ഒടുക്കുവരുത്തിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ഡിമാന്റ് ചെയ്തിരുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും 2017-18 വർഷത്തെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|
| 1 | ചിറയ്ക്കകം ക്ലിനിക് സർവ്വീസ് | രണ്ടാം അർദ്ധവർഷം |
| 2 | പയനിയർ മോട്ടോർസ് | രണ്ടാം അർദ്ധവർഷം |
| 3 | തോന്നൽ ദേവസ്വം | രണ്ടാം അർദ്ധവർഷം |
| 4 | സെൻട്രൽ പബ്ലിക് വർക്ക് ഡിപ്പാർട്ട് മെന്റ് | ഒന്നാം അർദ്ധവർഷം |

തൊഴിൽ നികുതി ഒടുക്കാത്ത ജീവനക്കാരിൽ നിന്നും പിഴപ്പലിശ സഹിതം തുക ഈടാക്കേണ്ടതാണ്.

iv)തൊഴിൽ നികുതി കുറവായി ഈടാക്കി

താഴെപ്പറയുന്ന ജീവക്കാരിയിൽ നിന്നും ഒന്നാം അർദ്ധവർഷം തൊഴിൽ നികുതി കുറവായാണ് ഈടാക്കിയിരിക്കുന്നത്.

| പേര് | ഉദ്യോഗപ്പേര്/ സ്ഥാപനം | ആകെ അർദ്ധവാർഷിക വരുമാനം | ഈടാക്കേണ്ട തൊഴിൽനികുതി | ഈടാക്കിയത് | കുറവ് |
|---|---|---|---|---|---|
| ശ്രീമതി.നിഷാര.എസ്.എൽ | jr.L.Tr.അറബിക്,<br>ഗവ.എൽ.പി.എസ്,കരിച്ചാറ | 29728 x 6 =<br>1,78,368/- | 1,250/- | 750/- | 500/- |

v)തൊഴിൽ നികുതി ഒടുക്ക് വിവരം രേഖപ്പെടുത്തിയില്ല.

ഗൾഫെക് എന്ന സ്ഥാപനം ഒന്നാം അർദ്ധവർഷം രസീ.നം.117100105638 തീ.22.11.17 പ്രകാരം 750/- രൂപ തൊഴിൽനികുതി ഒടുക്കുവരുത്തിയിട്ടുണ്ട്. എന്നാൽ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്ററിൽ ടി സ്ഥാപത്തിന്റെ വിവരങ്ങൾ രേഖപ്പെടുത്തുകയോ കളക്ഷൻ രജിസ്റ്ററിൽ ടി തുക വരവായി കണക്കാക്കുകയോ ചെയ്തിട്ടില്ല.

vi)സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും 2017-18 വർഷം സ്ഥാപനതൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | റിമാർക്സ് |
|---|---|---|

| | | |
|---|---|---|
| 1 | ഫെഡറൽ ബാങ്ക് | ഒന്നാം അർദ്ധവർഷം |
| 2 | എസ്.ബി.ഐ.പള്ളിപ്പുറം | I&II അർദ്ധവർഷം |
| 3 | ഹരിശ്രീ തീയറ്റർ | രണ്ടാം അർദ്ധവർഷം |
| 4 | സപ്ലൈക്കോ മാവേലി സ്റ്റോർ | രണ്ടാം അർദ്ധവർഷം |
| 5 | അണ്ടൂർക്കോണം മിൽക്ക് സൊസൈറ്റി | I&II അർദ്ധവർഷം |
| 6 | ഇന്ത്യൻ ബാങ്ക് | രണ്ടാം അർദ്ധവർഷം |

vii ബി.എസ്.എൻ.എല്ലിന്റെ സ്ഥാപനികുതി ഈടാക്കിയില്ല

ഗ്രാമപഞ്ചായത്ത് പരിധിക്കുള്ളിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ ഓഫീസിൽ നിന്നും 2017-18 വർഷത്തിൽ സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 25ന് ലഭിച്ച മറുപടിയിൽ ബി.എസ്.എൻ.എൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതില്ല എന്നാണ് അറിയിച്ചിരിക്കുന്നത്.എന്നാൽ ഡബ്ല്യൂ.പി.സി. 16670/06നം കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു.കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ. സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## 2-4 ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ -അപാകങ്ങൾ

a)ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിച്ചിട്ടില്ല

പഞ്ചായത്തിൽ വാർഡ് അടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കുന്നില്ല. 2013-14 മുതൽ സൂക്ഷിക്കുന്ന ട്രേഡേഴ്സ് ലിസ്റ്റിൽ ലൈസൻസിന് പുതുതായി അപേക്ഷിക്കുന്ന സ്ഥാപനങ്ങൾ കൂട്ടിച്ചേർത്താണ് നിലവിൽ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. അതിൻ പ്രകാരം 851 സ്ഥാപനങ്ങൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ടെങ്കിലും തൻ വർഷം 465 സ്ഥാപനങ്ങൾക്ക് മാത്രമേ ഡി&ഓ ലൈസൻസ് പുതുക്കി നൽകിയിട്ടുള്ളൂ. കൂടാതെ 2014-15 മുതൽ ലൈസൻസ് പുതുക്കാത്ത സ്ഥാപനങ്ങൾ പഞ്ചായത്തിൽ നിലവിൽ പ്രവർത്തിക്കുന്നതായും ട്രേഡേഴസ് ലിസ്റ്റിൽ രേഖപ്പെടുത്തിയിട്ടുണ്ട്. 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ, ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസം മുമ്പായി സമർപ്പിക്കേണ്ടതാണ്. ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കാത്തതിനാൽ പഞ്ചായത്തിൽ നിലവിൽ എത്ര സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്നും അവ ലൈസൻസ് യഥാസമയം പുതുക്കുന്നുണ്ടെന്നും പരിശോധിക്കാൻ സാധിച്ചിട്ടില്ല. ബജറ്റ് രൂപീകരണവേളയിൽ നിലവിലെ വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്ന പ്രക്രിയയിൽ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി ഈ വിഷയം പരിശോധിച്ചതായി മിനിട്ട്സിലോ ബജറ്റ് ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

b)ലൈസൻസ് പുതുക്കി നൽകിയിട്ടില്ല

2016-17 വർഷം ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ച I,VI,XI,XVI വാർഡിലെ സ്ഥാപനങ്ങൾ മാത്രം പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങൾക്ക് 2017-18 വർഷം ലൈസൻസ് പുതുക്കി നൽകിയിട്ടില്ല.

| ക്രമ നം | വാർഡ് | ഉടമയുടെ പേര് | വ്യാപാരസ്ഥാപനം |
|---|---|---|---|
| 1 | I | സത്യശീലൻ | സ്റ്റേഷനറി കട |
| 2 | I | ഫാത്തിമ ബീവി | പലചരക്ക് കട |
| 3 | I | വിജയകമാരി | ഗ്യാസ് ഗോഡൗൺ |
| 4 | I | മണിച്ചി. ആർ. | ഹോട്ടൽ |
| 5 | I | മജീദ് | മിഠായി കട |

| | | | |
|---|---|---|---|
| 6 | I | വി.വർഗ്ഗീസ് | ടൈൽ കട |
| 7 | I | രമണി.ജെ | റ്റീ ഷോപ്പ് |
| 8 | I | സിയാദ്.എസ് | പലചരക്ക് കട |
| 9 | I | എൻ.പ്രസാദ് | തയ്യൽ കട |
| 10 | VI | ജിബു നവാസ് | കുപ്പി വെള്ളം സ്റ്റോക്ക് |
| 11 | VI | രാജേസ്വരി കെ | അരി വിൽപ്പന |
| 12 | VI | സുരേന്ദ്രൻ.എ | ഹെയർ കട്ടിംഗ് |
| 13 | VI | രാജൻ നായർ | പല ചരക്ക് കട |
| 14 | XI | എ.അബ്ദുൾ മജീദ് | മിഠായിക്കട |
| 15 | XI | ബഷിർ കുഞ്ഞ് | മെഡിക്കൽ സ്റ്റോർ |
| 16 | XI | മുഹമ്മദാലി | ഹോമിയോ മരുന്ന് കട |
| 17 | XI | സുൽഫത്ത് ബീവി | ഹാർഡ് വെയർ കട |
| 18 | XI | നാസർ അലിഫ് മൻസിൽ | ഫ്രൂട്ട്സ്റ്റാൾ |
| 19 | XI | മനു.എം | ഫാൻസി സ്റ്റോർ |
| 20 | XI | ഹാഷിമുദ്ദീൻ | ഫാൻസി ഗിഫ്റ്റ് |
| 21 | XI | അജാസ് താരിഖ് | സ്പോർട്സ് കട |
| 22 | XI | നൌഫൽ | തുണിക്കട |
| 23 | XI | നസീർ | പെയിന്റ് കട |
| 24 | XVI | നിഷാദ് | ഹോട്ടൽ |
| 25 | XVI | രാജീവ് | കുപ്പി വെള്ളം സ്റ്റോക്ക് |

d)ലൈസൻസ് ഫീ കുറവായി ഈടാക്കി

ഡി ആന്റ് ഓ ലൈസൻസ് അനുവദിച്ച ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീ കുറവായാണ് ഈടാക്കിയിരിക്കുന്നത്.

| ക്രമ നം | വാർഡ്/കെട്ടിട നമ്പർ | പേര് | വ്യാപാരസ്ഥാപനം | ദിവസവരുമാനം (അപേക്ഷപ്രകാരം) | ഈടാക്കേണ്ട തുക | ഈടാക്കിയ തുക | കുറവ് |
|---|---|---|---|---|---|---|---|
| 1 | XV/430 | കെ.പി.കാർത്തിക | ഭക്ഷ്യ വസ്തുക്കൾസ്റ്റോക്ക് ചെയത് വിൽപ്പന | 2,00,000/- | 4000 | 2000 | 2000 |
| 2 | VII/521 | ഇജാസ് സലിം | അഗ്രികൾച്ചർ ഇൻസ്ട്രുമെന്റ് പ്രോഡക്റ്റ് വിൽപ്പന | 5,00,000/- | 4000 | 500 | 3500 |
| 3 | XVI/526 | സ്റ്റാർസൺ കണ്ടം കുളത്തി | ഐസ്ക്രീംസ്റ്റോക്ക് ചെയത് വിൽപ്പന | 40,000/- | 1000 | 500 | 500 |
| | | | | | | ആകെ | 6000 |

ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറി നം.20-ന് ലഭിച്ച മറുപടി പ്രകാരം ട്രേഡേഴ്സ് ലിസ്റ്റ് കാലികമായി സൂക്ഷിക്കാൻ നടപടി സ്വീകരിക്കുമെന്നും അപാകതകൾ പരിഹരിക്കുമെന്നും അറിയിച്ചിട്ടുണ്ട്. വാർഡടിസ്ഥാനത്തിലുള്ള ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കി സൂക്ഷിക്കേണ്ടതും വരുമാനസ്രോതസ്സുകൾ ഉറപ്പാക്കുന്നതിനായി ഡി & ഒ ലൈസൻസ്

ഫീസിന്റെ നിർണ്ണയവും ബന്ധപ്പെട്ട രേഖകളുടെ കൃത്യതയും ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിച്ച് ഉറപ്പുവരുത്തേണ്ടതുമാണ്. ലൈസൻസ് ഫീ കുറവായി ഈടാക്കിയ സ്ഥാപനങ്ങളിൽ നിന്നും തുക ഈടാക്കേണ്ടതും പഞ്ചായത്ത് പരിധിയിയിൽ നിയമവിരുദ്ധമായി സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നില്ലായെന്ന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതുമാണ്.

## 2-5 മാർക്കറ്റ് ലേലം- കുടിശ്ശിക ഈടാക്കിയിട്ടില്ല

2017-18 വർഷത്തേയ്ക്ക് ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആല്യംമൂട് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള 18.03.2017 ലെ എ4.899/17 നമ്പർ ലേല നോട്ടീസ് നിബന്ധന പ്രകാരം ലേലത്തിൽ പങ്കെടുക്കുന്നവർ 25,000/- രൂപ നിരതദ്രവ്യമായി കെട്ടി വയ്ക്കേണ്ടതും ലേലം കൊള്ളുന്ന ആൾ ലേലം കൊണ്ട തുകയുടെ മൂന്നിലൊന്ന് തുക (ഡെപ്പോസിറ്റ് തുക കൂടാതെ) അപ്പോൾ തന്നെ ഒടുക്ക് വരുത്തേണ്ടതുമാണ്. കൂടാതെ തവണകൾ ആവശ്യമുള്ളവർ ലേലത്തുകയുടെ ഇരട്ടി തുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതും, ലേലത്തുകയുടെ ശേഷിക്കുന്ന തുക 3 ത്രൈമാസ ഗഡുക്കളായി (2017 ജൂൺ, സെപ്റ്റംബർ, ഡിസംബർ) 31.12.2017നകം ഒടുക്കേണ്ടതാണ്. അല്ലാത്തപക്ഷം 18% പിഴപ്പലിശ സഹിതം തുക ഒടുക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

25.03.2017 ൽ നടന്ന ലേലത്തിൽ 15,21,000/- രൂപയ്ക്ക് മാർക്കറ്റ് ലേലം കൊണ്ട ശ്രീ.ജലാലുദ്ദീൻ, എസ്.എസ്.മൻസിൽ, കീഴാവൂർ എന്ന വ്യക്തി നിരതദ്രവ്യമായി 15,000/- രൂപ (രസീ.11610106390/25.03.17) മാത്രമാണ് പഞ്ചായത്തിൽ ഒടുക്കിയിട്ടുള്ളത്. കൂടാതെ ലേലം കൊണ്ട തുകയുടെ മൂന്നിലൊന്ന് തുകയായ 5,07,000/- ന് പകരം 4,82,000/- രൂപ മാത്രമാണ് ലേലം കൊണ്ടയാൾ ഒടുക്കുവരുത്തയിട്ടുള്ളത്. ലേലത്തുകയുടെ ഇരട്ടിതുകയ്ക്കുള്ള സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണെന്ന വ്യവസ്ഥയും പാലിച്ചിട്ടില്ല. ആകെ ലേലം കൊണ്ട 15,21,000/- രൂപയിൽ 15,11,000/- രൂപ മാത്രമാണ് പ്രസ്തുത വ്യക്തിനാളിതുവരെ ഒടുക്ക് വരുത്തിയിട്ടുള്ളത്. ലേലത്തുക സമയ ബന്ധിതമായി ഒടുക്ക് വരുത്താത്ത പക്ഷം 18 % പിഴപ്പലിശ സഹിതമാണ് തുക ഈടാക്കേണ്ടത്. എന്നാൽ ഇയാളിൽ നിന്നും പിഴപ്പലിശ ഈടാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ലേല നിബന്ധന | ഒടുക്കേണ്ട തുക | ഒടുക്കിയത്/രസീ. | കുറവ്/ കൂടുതൽ | ആകെ കുറവ് | കാലയളവ് | പിഴ പലിശ @18% |
|---|---|---|---|---|---|---|
| ലേലം ഉറപ്പിയ്ക്കുമ്പോൾ | 507000 | 482000/- 11610106401/25.03.17 | (-)25000 | 25000 | 25.03.17 മുതൽ 30.06.17 | 1208/- |
| ജൂൺ 30 ന് മുൻപ് | 338000 | 300000/- 117100101831/29.06.17 | (-)38000 | 63000 (25000+38000) | 01.07.17 മുതൽ 30.09.17 | 2858 |
| സെപ്റ്റ 30 ന് മുൻപ് | 338000 | 350000/- 117100103484/03.10.17 | (+)12000 | 51000 (63000-12000) | 01.10.17 മുതൽ 03.10.17 വരെ (338000) 04.10.17 മുതൽ 31.12.17 വരെ 51000) | 500 2313 |
| ഡിസം 31 ന് മുൻപ് | 338000 | 314000/- 117100107260/30.12.17 | (-)24000 | 75000 (51000+24000) | 01.01.18 മുതൽ 11.03.18 | 2589 |
| | 75000 | 50000/- 117100108738/12.03.18 emd 15000/- | (-)10000 | 10000 | 12.03.18 മുതൽ ഒടുക്ക് തീയതി | - |

| | | | | | | |
|---|---|---|---|---|---|---|
| | | 11610106390/25.03.17 | | | വരെ | |
| ആകെ | 1521000/- | 1511000/- | 10000/- | | | 9468/- |

പിഴപ്പലിശ ഇനത്തിൽ ഈടാക്കേണ്ടിയുരുന്ന 9,468/- രൂപയും ലേലതുകയുടെ കുടിശികയായ 10,000/- രൂപയും 18% പിഴപ്പലിശയോട് കൂടി ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-6 വാടക ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള താഴപ്പറയുന്ന കടമുറികളിൽ നിന്നും 2017-18വർഷത്തെ വാടക ഈടാക്കാനുണ്ട്.

| ക്രമ നം | കടമുറി നം | പേര് | കാലയളവ് | വാടക |
|---|---|---|---|---|
| 01 | കണിയാപുരം ഓൾഡ് മാർക്കറ്റ് സ്റ്റാൾ നം.III | വിജയൻ കെ.എൻ.കെ ഹൗസ്,കണിയാപുരം | 02/2018 മുതൽ 03/2018 വരെ | 2x420=840 |
| 02 | ആലുംമൂട് മാർക്കറ്റ് | സലാഹുദ്ദീൻ, പുതുവൽ പുത്തൻവീട് | 12/2017 മുതൽ 03/2018 വരെ | 4x1313=5252 |

വാടകകുടിശ്ശിക പിഴപ്പലിശ സഹിതം ഈടാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 2-7 ഇ ടെണ്ടർ സംവിധാനത്തിൽ നിന്നും ലഭിക്കേണ്ട ടെണ്ടർ ഫാറം വില ജില്ലാ പഞ്ചായത്തിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്.

അസിസ്റ്റന്റ് എൻജിനീയർ നിർവ്വഹണ ഉദ്യോഗസ്ഥനായി 2016-17 വർഷം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കിയ മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറ വിലയായി (ടെണ്ടർ ഫീസ്) ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിൽ ഒടുക്കിയ 42,600/-രൂപ നാളിതുവരെ ഗ്രാമപഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല. 28/9/13-ലെ ജി.ഒ(എം.എസ്)318/2013/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം ഇ-ടെണ്ടർ മുഖേന നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ഇ.എം.ഡി, ടെണ്ടർ ഫീസ് എന്നിവ ഓൺലൈൻ ആയി ഒടുക്കുന്നതിന് എൽ.എസ്.ജി.ഡി. ജില്ലാ എക്സിക്യൂട്ടീവ് എൻജിനീയറുടെ പേരിൽ സീറോ ബാലൻസ് അക്കൗണ്ട് ആരംഭിക്കുന്നതിനും ഗ്രാമപഞ്ചായത്തുകളിൽ നടപ്പിലാക്കുന്ന മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫീസ് ഈ അക്കൗണ്ടിൽ ഒടുക്കാനും നിർദ്ദേശിച്ചിരുന്നു.ഇ-ടെണ്ടർ പ്രകാരം ലഭിച്ച ടെണ്ടറുകളുടെ അടിസ്ഥാനത്തിൽ ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് നം. | പേര് | ടെണ്ടർ ഫീ (ടാക്സ് ഉൾപ്പെടെ) | ടെണ്ടറുകളുടെ എണ്ണം |
|---|---|---|---|---|
| 1 | 141 | ആലുവിള കരിച്ചാറ അപ്പോളോ കോളനി ഓട നിർമ്മാണവും പാർശ്വഭിത്തി നിർമ്മാണവും | 2912 | 3 |
| 2 | 74 | മാർക്കറ്റ് റോഡ് കുന്നിനകം അമല ബേക്കറിറോഡ് റീ ടാറിംഗ് | 2912 | 4 |
| 3 | 86 | അണപ്പാലം ഇടപ്പറമ്പിൽ റോഡ് ടാറിംഗ് | 1456 | 1 |
| 4 | 93 | ചാലിൽ കോളനി റോഡ് ഇന്റർലോക്ക് ടൈൽ പാകൽ | 2240 | 2 |
| 5 | 140 | ചീനിപ്പണ റോഡ് രണ്ടാം മെറ്റലിംഗ് ടാറിംഗ് | 2128 | 4 |
| 6 | 136 | കല്ലറ അംഗണവാടി റോഡ് ടാറിംഗ് | 1568 | 4 |

| | | | | |
|---|---|---|---|---|
| 7 | 114 | തോട്ടുമുഖം അഞ്ചേക്കർ റോഡ് റീ-ടാറിംഗ് | 1344 | 2 |
| 8 | 87 | കെ.എൻ.കെ വെട്ടുറോഡ് അഭിവൃദ്ധിപ്പെടുത്തൽ | 2688 | 8 |
| 9 | 123 | ലക്ഷ്മി എസ്റ്റേറ്റ് റെയിൻബോറോഡ് റോഡ്,മെറ്റലിംഗ്,ടാറിംഗ് | 1120 | 2 |
| 10 | 137 | ലക്ഷ്മി എസ്റ്റേറ്റ് റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 1456 | 3 |
| 11 | 100 | മങ്ങാട്ട് ഏല റോഡ് അഭിവൃദ്ധിപ്പെടുത്തൽ | 1456 | 8 |
| 12 | 90 | എം.എൽ.എ മലവിളാകം റോഡ് പുനരുദ്ധാരണം | 2016 | 8 |
| 13 | 129 | മുളയ്ക്കവിളാകം പള്ളിവിളാകം മുക്കിൽ വിളാകം റോഡുകളിൽ ഇന്റർലോക്ക് ടൈൽപാകലും റീ ടാറിംഗ് | 2240 | 3 |
| 14 | 145 | പണ്ടാരവിളാകം കാര്യവട്ടം നടപ്പാത കോൺക്രീറ്റിംഗ് | 1120 | 3 |
| 15 | 106 | മുളയ്ക്കവിളാകം സിങ്കപ്പൂർമുക്ക് റോഡിൽ സിമന്റ് ബ്ളോക്ക് ടൈൽ പാകൽ | 1232 | 2 |
| 16 | 97 | തെറ്റിച്ചിറ കോളനിയിൽ പാർശ്വഭിത്തി നിർമ്മാണം | 1344 | 4 |
| 17 | 89 | തിരുവെള്ളൂർ മാമ്പഴ റോഡ് രണ്ടാം മെറ്റലിംഗ് ടാറിംഗ് | 1680 | 5 |
| 18 | 99 | ഉപ്പുപണയിൽ റോഡ് പുനരുദ്ധാരണം | 1232 | 2 |
| 19 | 153 | തിപ്പെട്ടിയിൽ നടപ്പാത കോൺക്രീറ്റിംഗ് | 1232 | 2 |
| 20 | 127 | ശ്രീപാദം പട്ടികജാതി കോളനിയിൽ മണ്ണ് സംരക്ഷണത്തിന് പാർശ്വഭിത്തി നിർമ്മാണം | 1344 | 4 |
| 21 | 150 | കരിച്ചാറ അപ്പോളോ കോളനിയിൽ മണ്ണൊലിപ്പ് തടയുന്നതിന് പാർശ്വഭിത്തി നിർമ്മാണം | 3136 | 4 |
| 22 | 94 | കല്ലിൻകര കുറ്റ്യാണി ലിങ്ക് റോഡ്(രണ്ടാം ഭാഗം പുനരുദ്ധാരണം) | 2352 | 4 |
| 23 | 79 | കുളിർ നീറ്റിക്കരി അംഗനവാടി കെട്ടിട നിർമ്മാണം | 3136 | 2 |
| 24 | 108 | ആലുമൂട് എൽ.പി.എസ് പുനരുദ്ധാരണം | 1120 | 2 |
| 25 | 109 | അണ്ടൂർക്കോണം എൽ.പി.എസ് പുനരുദ്ധാരണം | 1456 | 1 |
| 26 | 110 | കണിയാപുരം യുപിഎസ് മെയിന്റനൻസ് | 1904 | 0 |
| 27 | 111 | പള്ളിപ്പുറം എൽപിഎസ് മെയിന്റനൻസ് | 1456 | 2 |
| 28 | 112 | തിരുവെള്ളൂർ എൽപിഎസ് മെയിന്റനൻസ് | 1680 | 0 |
| 29 | 154 | മാലിന്യശേഖരണത്തിനുള്ള മെറ്റീരിയൽ റിക്കവറി കളക്ഷൻസെന്റർ നിർമ്മാണം | 1568 | 1 |
| ആകെ | 52528/- | | | |

പ്രസ്തുത തുക തിരികെ ഈടാക്കാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം-3

### ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മരം മുറിച്ച് മാറ്റൽ-സർക്കാർ ഉത്തരവ് പാലിക്കണം - തടസ്സം 1,00,900/-

പൊതു നിരത്തുകളിലും സ്ഥലങ്ങളിലും നിൽക്കുന്ന വൃക്ഷങ്ങൾ സംരക്ഷിക്കുന്നതിനും പ്രസ്തുത വൃക്ഷങ്ങളും അവയുടെ ശിഖരങ്ങളും കടപുഴകിയും ഒടിഞ്ഞ് വീണുമുണ്ടാകുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിനും പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും സെക്രട്ടറി കൺവീനറും വില്ലേജ് ഓഫീസർ, വനം വകുപ്പ് റേഞ്ച് ഓഫീസർ എന്നിവർ ഉൾപ്പെട്ട കമ്മിറ്റി

രൂപീകരിക്കേണ്ടതാണെന്ന് സർക്കാർ ഉത്തരവുണ്ട്. (സർക്കാർ ഉത്തരവ് നം.248/ആർ.സി.3/2016/തസ്വഭവ തീ.14/07/2017) പ്രസ്തുത കമ്മിറ്റിയിൽ മരങ്ങളുടെ അപകടസാധ്യത പരിശോധിച്ച് തീരുമാനമെടുക്കേണ്ടതും മുറിച്ച് മാറ്റുന്ന മരങ്ങളുടെ വാല്വേഷൻ വനം വകുപ്പ് അധികൃതർ പരിശോധിച്ച് തിട്ടപ്പെടുത്തേണ്ടതുമാണെന്ന് നിഷ്കർഷിക്കുന്നു. എന്നാൽ ഗ്രാമപഞ്ചായത്തിൽ പ്രസ്തുത ഉത്തരവ് പാലിച്ചിട്ടില്ല.

2017-18സാമ്പത്തിക വർഷത്തെ വൗച്ചർ പരിശോധിച്ചതിൽ പഞ്ചായത്തിലെ വിവിധ സ്ഥലങ്ങളിൽ മരം/ശിഖരം മുറിച്ച് മാറ്റുന്നതിനായി 1,00,900/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത ചെലവ് സംബന്ധിച്ച മേൽ ഉത്തരവ് പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ചുവെന്ന് സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റ് എൻക്വയറി പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഹാജരാക്കിയിട്ടില്ല. രേഖകളുടെ അഭാവത്തിൽ ചെലവ് തുക തടസപ്പെടുത്തുന്നു.

## 3-2 പഞ്ചായത്തിന്റെ ഉടമസ്ഥതയിൽപ്പെടാത്ത സ്ഥാപനങ്ങൾക്കായി ചെലവഴിച്ച 15,450/- രൂപ നിരാകരിക്കുന്നു.

പഞ്ചായത്തിന്റെ ഉടമസ്ഥതയിൽപ്പെടാത്തതും ഘടക സ്ഥാപനമായി പ്രവർത്തിക്കുന്നതുമല്ലാത്ത പള്ളിപ്പുറം വില്ലേജ് ഓഫീസിന്റെയും, കെ.എസ്.ആർ.ടി.സി. വിശ്രമ കേന്ദ്രത്തിന്റെയും ഉദ്ഘാടന പ്രവർത്തനങ്ങൾക്കായി തൻ വർഷം താഴെപ്പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം | ചെക്ക് നം./തീ | ചെലവിനം | തുക |
|---|---|---|---|
| 21701513 | 010866/19.03.18 | പള്ളിപ്പുറം സ്മാർട്ട് വില്ലേജ് ഓഫീസ് ഉദ്ഘാടനം പരസ്യം, ഫോട്ടോ. | 9950/- |
| 21701156 | 009996/14.02.18 | കെ.എസ്.ആർ.ടി.സി.വിശ്രമ മന്ദിരം ഉദ്ഘാടനം | 5500/- |
| | | ആകെ | 15,450/- |

പഞ്ചായത്തിന്റെ ഉടമസ്ഥതയില്ലാത്ത സ്ഥാപനങ്ങൾക്കായി തുക ചെലവഴിക്കുമ്പോൾ സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി 46 ന് മറുപടി ലഭ്യമാക്കിയില്ല. സർക്കാരിൽ നിന്നും നിർദ്ദേശം ലഭിക്കാതെ മേൽ സ്ഥാപനങ്ങൾക്കായി ചെലവഴിച്ച 15,450/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.

## 3-3 മഴക്കാല പൂർവ്വ ശുചീകരണം-തുക തടസ്സപ്പെടുത്തുന്നു

ആഗസ്റ്റ് മാസത്തെ വൗച്ചറുകളുടെ പരിശോധനയിൽ മഴക്കാല ശുചീകരണ പ്രവർത്തനങ്ങൾക്കായി താഴെപ്പറയും വിധം തുക ചെലവഴിച്ചിട്ടുണ്ട്.

| വൗച്ചർ നം | ചെക്ക് നം/തീ | നടപ്പാക്കിയ പ്രവൃത്തി | തുക |
|---|---|---|---|
| 21700449 | 118963/21.07.17 | വിവിധ വാർഡുകളിലെ ശുചീകരണം | 1,04,000/- |
| 21700450 | 118977/31.07.17 | ആല്വംമൂട് വാർഡ് ശുചീകരണം | 4,000/- |
| 21700454 | 007865/17.07.17 | കണ്ടൽ വാർഡ് ശുചീകരണം | 44,000/- |
| 21700469 | 118972/27.07.17 | വിവിധ വാർഡുകളിലെ ശുചീകരണം | 40,000/- |
| 21700476 | 007866/17.07.17 | വെള്ളൂർ വാർഡ് ശുചീകരണം | 36,000/- |

മേൽ പ്രവർത്തികൾ നടപ്പാക്കിയത് സംബന്ധിച്ച എഞ്ചിനീയറിംഗ് വിഭാഗത്തിന്റെ എസ്റ്റിമേറ്റ്, പ്രവൃത്തി വില നിർണയം സംബന്ധിച്ച സർട്ടിഫിക്കറ്റ്, ടെൻഡർ/ക്വട്ടേഷൻ നടപടികളുടെ വിവരം തുടങ്ങിയ രേഖകൾ കൂടാതെയാണ് വൗച്ചറിൽ തുക പാസാക്കി നൽകിയിട്ടുള്ളത്. സ.ഉ.(സാധാ)നം.2096/2017/തസ്വഭവ തീയതി 21.06.2017 പ്രകാരം മഴക്കാല

പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി പഞ്ചായത്തിലെ ഓരോ വാർഡിലും 25,000/- രൂപ വീതം ചെലവഴിക്കാവുന്നതാണ്. എന്നാൽ തൻവർഷം പഞ്ചായത്തിലെ ശുചീകരണ പ്രവർത്തനങ്ങൾക്കായി ഓരോ വാർഡിലും നടപ്പാക്കിയ പ്രവർത്തികളെയും ചെലവഴിച്ച തുകയെയും ഫണ്ടിനെയും സംബന്ധിച്ച രേഖകളൊന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയില്ല. മഴക്കാല ശുചീകരണം ഉൾപ്പെടെ ശുചീകരണ പ്രവർത്തനങ്ങൾക്കായി തൻ വർഷം 4,62,060/-രൂപ ചെലഴിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം. | ചെക്ക് നം. | തുക |
|---|---|---|
| 21700298 | 007809/27.05.2017 | 5000 |
| 21700302 | 007811/28.08.2017 | 2000 |
| 21700336 | 007828/04.07.2017 | 3600 |
| 21700352 | 007816/04.07.2017 | 600 |
| 21700353 | ക്യാഷ് | 350 |
| 21700354 | 007815/04.07.2017 | 1600 |
| 21700356 | ക്യാഷ് | 9000 |
| 21700358 | 007840/06.07.2017 | 5000 |
| 21700361 | 007835/06.07.2017 | 24000 |
| 21700362 | 007834/06.07.2017 | 500 |
| 21700366 | 007829/06.07.2017 | 2800 |
| 21700372 | 007843/07.07.2017 | 24000 |
| 21700390 | 067857/19.07.2017 | 2500 |
| 21700399 | 118968/31.07.2017 | 10000 |
| 21700400 | 118968/31.07.2017 | 14300 |
| 21700401 | 118972/31.07.2017 | 8000 |
| 21700412 | 007867/31.07.2017 | 31440 |
| 21700449 | 118963/21.07.2017 | 104000 |
| 21700450 | 118977/31.07.2017 | 4000 |
| 21700454 | 007865/17.07.2017 | 44000 |
| 21700469 | 118972/27.07.2017 | 40000 |
| 21700476 | 007866/17.07.2017 | 36000 |
| 21700517 | 119161/11.08.2017 | 1000 |
| 21700544 | 119419/15.09.2017 | 4000 |
| 21700583 | 119448/27.09.2017 | 28500 |
| 21700597 | 119406/02.09.2017 | 5000 |
| 21700631 | 009121/03.10.2017 | 8000 |
| 21700691 | 009161/21.10.2017 | 12000 |
| 21700772 | ക്യാഷ് | 9000 |
| 21700782 | 009192/09.11.17 | 5000 |
| 21700812 | 1527280/25.09.2017 | 1400 |
| 21700832 | 009210/25.11.2017 | 6470 |
| 21700876 | ക്യാഷ് | 9000 |
| ആകെ | | 462060 |

ശുചീകരണ പ്രവർത്തനങ്ങളുടെ ചെലവ് സംബന്ധിച്ച ഫയൽ ഓഡിറ്റ് എൻക്വയറി 39 പ്രകാരം ആവശ്യപ്പെട്ടെങ്കിലും രേഖകൾ ഓഡിറ്റിന് ഹാജരാക്കിയില്ല. ചെലവ് രേഖകളുടെ അഭാവത്തിൽ 4,62,060/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 ലേലം - നടപടിക്രമം പാലിക്കാതെ കരാറുകാരന് നൽകിയ 3,02,500/- രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു

2016-17 വർഷത്തേയ്ക്ക് ഗ്രാമപഞ്ചായത്തിന് കീഴിലുള്ള ആല്യംമൂട് മാർക്കറ്റ് ഗേറ്റ് ഫീസ് പിരിക്കുന്നതിനുള്ള ലേലം 29/02/2016-ൽ നടക്കുകയും, 18 പേർ പങ്കെടുത്ത ലേലത്തിൽ ഏറ്റവും കൂടിയ തുകയായ 18,15,000/- രൂപ വിളിച്ച ശ്രീ.നിസാർ, ഷാന മൻസിൽ, വെട്ടുറോഡ് എന്ന വ്യക്തിയുടെ പേരിൽ താൽക്കാലികമായി ലേലം സ്ഥിരപ്പെടുത്തുകയും ചെയ്തു. ലേല വ്യവസ്ഥ പ്രകാരം ആകെ ലേലത്തുകയുടെ മൂന്നിലൊന്ന് തുകയായ 6,05,000/- രൂപ (രസീ.നം.11510104832/01.03.2016) ടിയാൻ പഞ്ചായത്തിൽ ഒടുക്ക് വരുത്തുകയും പഞ്ചായത്ത് കമ്മിറ്റിയുടെ 16/03/2016ലെ VIII-ാം നമ്പർ തീരുമാന പ്രകാരം കരാർ ചമച്ച് ലേലം സ്ഥിരപ്പെടുത്തുകയും ചെയ്തു. എന്നാൽ കരാറുകാരൻ നിയമാനുസൃതമായ സോൾവൻസി സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല.

ശ്രീ.നിസാർ 01.04.2016 മുതൽ ഗേറ്റ് ഫീസ് പിരിവ് ആരംഭിച്ചുവെങ്കിലും അംഗീകൃത നിരക്കിനേക്കാൾ കൂടുതലായി പിരിവ് നടത്തിയെന്നാരോപിച്ച് മാർക്കറ്റിൽ തർക്കം നിലനിൽക്കുന്ന സാഹചര്യത്തിൽ ഗേറ്റ് പിരിവ് തുടർന്ന് കൊണ്ട്പോകാൻ സാധിക്കില്ലായെന്ന് 08.04.16,18.04.16 തീയതികളിൽ കത്ത് മുഖേന പഞ്ചായത്തിനെ അറിയിച്ചു. അതിൻ പ്രകാരം പഞ്ചായത്ത് കമ്മിറ്റി 16.04.2016 ലെ IV-ാം നമ്പർ തീരുമാന പ്രകാരം പുനർലേലം ചെയ്യാൻ തീരുമാനിക്കുകയും പുതുതായി ലേലം നടപ്പാക്കുന്നതുവരെ അംഗീകൃത നിരക്കിൽ ഫീസ് ഈടാക്കി നിലവിലെ കരാറുകാരനോട് ഗേറ്റ് ഫീസ് പിരിവ് തുടരാൻ ആവശ്യപ്പെടുകയും ചെയ്തു.

29.04.2016 ൽ പുനർലേലം, ക്വട്ടേഷൻ നടത്തുകയും ആരും ലേലം വിളിക്കാത്ത സാഹചര്യത്തൽ ഏറ്റവും ഉയർന്ന ക്വട്ടേഷൻ തുക സമർപ്പിച്ച ശ്രീ.ജലാലുദ്ദീൻ, എസ്.എസ്.മൻസിൽ, കീഴാവൂർ എന്ന വ്യക്തിയെ പരിഗണിക്കുകയും ചെയ്തു. എന്നാൽ 29.04.2016 ൽ പഞ്ചായത്തിൽ സമർപ്പിച്ച 49 പേർ ഒപ്പിട്ട പൊതുതാൽപ്പര്യ പരാതിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ക്വട്ടേഷൻ സ്വീകരിക്കേണ്ടതില്ലെന്നും മുൻ കരാറുകാരനായ നിസാറിനുവേണ്ടി പിരിവ് നടത്തിയിരുന്ന ശ്രീ.ജലാലുദ്ദീനെ മാർക്കറ്റ് പിരിവുകളിൽ നിന്നും ലേലങ്ങളിൽ നിന്നും ഒഴിവാക്കുവാനും നിയമസഭ തിരഞ്ഞെടുപ്പിന് ശേഷം വീണ്ടും ലേലം നടത്തുന്നതിനും ലേല പിരിവ് നിലവിലെ സ്ഥിതി തുടരുന്നതിനും പഞ്ചായത്ത് കമ്മിറ്റി 30.04.2016ലെ 1-ാം നമ്പർ പ്രകാരം തീരുമാനിച്ചു.

30.05.2016 ൽ വീണ്ടും പുനർലേലം, ക്വട്ടേഷൻ നടത്തുകയും ഏറ്റവും ഉയർന്ന ക്വട്ടേഷൻ തുക സമർപ്പിച്ച ശ്രീ.ഷഫീക്ക് എന്ന വ്യക്തിക്ക് 11,00,000/-രൂപയ്ക്ക് 01.06.2016 മുതൽ ഗേറ്റ് ഫീസ് പിരിക്കാൻ അനുവാദം നൽകി. 31.05.2016ലെ I(1)-ാം നമ്പർ തീരുമാന പ്രകാരം ആയത് സ്ഥിരപ്പെടുത്തുകയും ചെയ്തു.

ആദ്യം ലേലംകൊണ്ട് ശ്രീ.നിസാർ, ആദ്യഗഡു ലേലതുകയായി പഞ്ചായത്തിൽ ഒടുക്കിയ 6,05,000/-രൂപ തിരികെ നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് 18.04.2016ൽ സമർപ്പിച്ച അപേക്ഷയുടെ അടിസ്ഥാനത്തിൽ ആകെ ലേലത്തുകയുടെ രണ്ട് മാസം ടിയാൻ പിരിവ് നടത്തിയ (01.04.16 മുതൽ 31.05.16 വരെ) ആനുപാതിക തുക കുറച്ച് 3,02,500/-രൂപ സർക്കാർ അനുമതിക്ക് വിധേയമായി തിരിച്ചു നൽകാൻ 21/06/2016 ലെ പഞ്ചായത്തി കമ്മിറ്റി ( III(15) -ാം നമ്പർ) തീരുമാനിച്ചു. അതിൻപ്രകാരം (18/07/2016ലെ എ4-1088/2016 നമ്പർ കത്ത്) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ മുഖേന തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് ഇത് സംബന്ധിച്ച് സ്പഷ്ടീകരണത്തിന് കത്ത് നൽകുകയും ചെയ്തു. പ്രസ്തുത കത്തിന് സർക്കാരിൽ നിന്നും മറുപടി ലഭ്യമായില്ല.

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 19/08/2016 ലെ സി2-10760/16 നമ്പർ മറുപടി കത്തിൻ പ്രകാരം ആദ്യ ലേലത്തിൽ ഏറ്റവും കൂടിയ തുകയായ 18,15,000/- രൂപ വിളിച്ച ശ്രീ.നിസാർ, അനധികൃത പിരിവ് നടത്തിയതും പിരിവ് നടത്താൻ കഴിയില്ലായെന്ന് എഴുതി തന്നതും കരാറുകളുടെ ലംഘനമാണെന്നും കൂടാതെ പുനർലേലം 11,00,000/- രൂപയ്ക്ക് നൽകിയതിലൂടെ പഞ്ചായത്തിന് 7 ലക്ഷത്തോളം രൂപ നഷ്ടം സംഭവിച്ചുവെന്നും, ആയതിനാൽ 3,02,500/-രൂപ പ്രസ്തുത വ്യക്തിക്ക് തിരികെ നൽകാനുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം ശരിയല്ലായെന്നും മേൽസാഹചര്യത്തിൽ ശ്രീ.നിസാർ ഒടുക്കിയ 6,05,000/- രൂപ കണ്ടുകെട്ടാനും ബാക്കിതുകയായ 1,10,000/-രൂപ ഈടാക്കാനുള്ള നിയമാനുസൃതമായ നടപടി അടിയന്തിരമായി സ്വീകരിക്കാനും പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചിരുന്നു.

മേൽ നിർദ്ദേശം പാലിക്കാതെ 24/09/2016-ലെ എ4-1088/2016 നമ്പർ പ്രകാരം പഞ്ചായത്ത്, സർക്കാരിലേയ്ക്ക് നേരിട്ട് കത്ത് നൽകുകയും സർക്കാരിൽ നിന്നും രേഖാമൂലം മറുപടി ലഭിക്കാത്തതിനാൽ 16.02.2017-ലെ IV(2)-ാം നമ്പർ തീരുമാന പ്രകാരം എഗ്രിമെന്റ് വച്ച് ശ്രീ.നിസാറിന് 3,02,500/-രൂപ തിരികെ നൽകാൻ പഞ്ചായത്ത് കമ്മിറ്റി ഐകകണ്ഠേന തീരുമാനിച്ചു. ആയതിൻപ്രകാരം ശ്രീ.നിസാർ സമർപ്പിച്ച വ്യവസ്ഥകൾ രേഖപ്പെടുത്താത്ത മുദ്രപത്രത്തിന്റെ അടിസ്ഥാനത്തിൽ മൂന്ന് ഗഡുക്കളായി (ചെക്ക് നം.6761/18.02.17 1,00,000/-രൂപ ചെക്ക് നം.007625/10.04.17 1,00,000/-രൂപ, ചെക്ക് നം.07699/08.05.17 1,02,500/- രൂപ) 3,02,500/- രൂപ അനുവദിച്ച് നൽകി.

ശ്രീ.നിസാറിന് തുക തിരികെ നൽകാനുള്ള പഞ്ചായത്ത് കമ്മിറ്റി തീരുമാനം ശരിയല്ലായെന്നും ടി വ്യക്തി ഒടുക്കിയ

6,05,000/- രൂപ കണ്ടുകെട്ടിയശേഷം ബാക്കി തുകയായ 1,10,000/- ഈടാക്കാനുള്ള നിയമാനുസൃതമായ നടപടി സ്വീകരിക്കാനും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അടിയന്തിര നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഈ നിർദ്ദേശങ്ങളൊന്നും പാലിക്കാതെയാണ് പഞ്ചായത്ത് വീണ്ടും സർക്കാരിലേയ്ക്ക് നേരിട്ട് കത്ത് നൽകിയത്. ടി കത്തിൽ പ്രസ്തുത വിഷയത്തെ സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളൊന്നും തന്നെ പരാമർശിച്ചിട്ടില്ല. കൂടാതെ മുൻ വർഷങ്ങളിലെ ലേലവുമായി താരതമ്യം ചെയ്യുമ്പോൾ ലേല ഇനത്തിൽ നഷ്ടം സംഭവിച്ചിട്ടില്ലായെന്നും കത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ 2015-16 വർഷത്തേയ്ക്ക് 21,00,000/- രൂപയ്ക്കാണ് ആല്യംമൂട് മാർക്കറ്റ് ഗേറ്റ് ഫീസ് അനുവദിച്ച് നൽകിയിട്ടുള്ളത്. സർക്കാരിൽ നിന്നും രേഖാമൂലം മറുപടി ലഭിക്കാത്ത സാഹചര്യത്തിൽ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ നിർദ്ദേശംപോലും പരിഗണിക്കാതെ തുക തിരികെ നൽകാൻ പഞ്ചായത്ത് കമ്മിറ്റി തീരുമാനിച്ചതും അതിൻപ്രകാരം തുക തിരികെ നൽകിയതും പഞ്ചായത്തിന്റെ ഭാഗത്തെ ഗുരുതര വീഴ്ചയാണ്.

ശ്രീ.നിസാറിന് തിരികെ നൽകിയ 3,02,500/-രൂപയും ലേല നടപടികളിലൂടെ നഷ്ടം സംഭവിച്ച 1,10,000/-രൂപയും പ്രസ്തുത കരാറുകാരൻ സമർപ്പിച്ച ബോണ്ടിന്റെ അടിസ്ഥാനത്തിൽ നിയമ നടപടികൾ സ്വീകരിച്ച് തിരികെ ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം കരാറുകാരന് തിരികെ നൽകിയ 3,02,500/-രൂപ നിയമപരമല്ലാത്ത തീരുമാനം കൈക്കൊണ്ട 16.02.2017 ലെ പഞ്ചായത്ത് കമ്മിറ്റിയിൽ പങ്കെടുത്ത അംഗങ്ങളിൽ നിന്നും, വിയോജനക്കുറിപ്പോ, നിയമോപദേശമോ പഞ്ചായത്ത് കമ്മിറ്റിക്ക് നൽകാത്തതിനാൽ പ്രസ്തുത കാലയളവിലെ സെക്രട്ടറിയിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-5 സംയുക്ത പ്രോജക്ടുകൾ- സർക്കാർ നടപടിക്രമം പാലിക്കാത്തതിനാൽ ഫണ്ട് പൂർണ്ണമായും ലഭിക്കുന്നില്ല.

2017-18 സാമ്പത്തിക വർഷം പഞ്ചായത്തിന് വിവിധ പ്രോജക്ടുകളിലായുള്ള ബ്ലോക്ക് /ജില്ലാ പഞ്ചായത്ത് ആകെ വിഹിതം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു (എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റ്, പഞ്ചായത്ത് ലഭ്യമാക്കിയ കണക്ക്എന്നിവ പ്രകാരം.

| | വകയിരുത്തിയത് | ലഭിച്ചത് | ചെലവഴിച്ചത് | ബാക്കി |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 1760500 | 1569275 | 1100337 | 468938 |
| ജില്ലാ പഞ്ചായത്ത് | 847000 | 418525 | 418525 | 0 |

വകയിരുത്തിയതിൽ നിന്നുംജില്ലാ പഞ്ചായത്ത് വിഹിതത്തിൽ 4,28,475/- ബ്ലോക്ക് വിഹിതത്തിൽ 1,91,225/- യുടെയും കുറവായാണ് ലഭിച്ചിരിക്കുന്നത്.

ഒന്നിലധികം തദ്ദേശഭരണ സ്ഥാപനങ്ങൾ പദ്ധതി വിഹിതം വകയിരുത്തി പ്രോജക്ടുകൾ നിർവഹണം നടത്തുമ്പോൾ സ്വീകരിക്കേണ്ട നടപടികൾ വ്യക്തമാക്കി, സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് (G.O(ms).No.72/17/lsgd dtd.29.03.2017 para.6.5, G.O(P).07/2017/fin dtd.23.01.2017) പ്രസ്തുത ഉത്തരവുകൾ പ്രകാരമുള്ള നടപടി ക്രമങ്ങളും ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടികളും ചുവടെ ചേർക്കുന്നു.

| സർക്കാർ നിർദ്ദേശം | ഗ്രാമ പഞ്ചായത്തിന്റെ നടപടികൾ |
|---|---|
| 1.സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ പ്രസ്തുത പ്രോജക്ടുകളുടെ വിഭവ സ്രോതസുകൾ സംബന്ധിച്ച പത്രികകൾ തയ്യാറാക്കേണ്ടതാണ്. | നടപടി ക്രമം പാലിച്ചതിന് രേഖകളില്ല |
| 2.കരട് പദ്ധതി രേഖ തയ്യാറാക്കുന്നതിന് മുൻപ് സംയുക്ത പ്രോജക്ടുകളെക്കുറിച്ച് ചർച്ച ചെയ്യാൻ ജില്ലാതല യോഗം ചേരേണ്ടതാണ്. | സംയുക്തപ്രോജക്റ്റ് തയ്യാറാക്കുന്നതിന് വേണ്ടി അദ്ധ്യക്ഷൻമാരുടെ ജില്ലാതലയോഗം ചേർന്നിട്ടുണ്ട്.(രേഖകൾ പരിശോധനക്ക് ലഭ്യമാക്കിയില്ല) |
| 3.സംയുക്ത പ്രോജക്ടിൽ പങ്കാളികളാകുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ തമ്മിൽ കരാർ ചമയ്ക്കേണ്ടതാണ്. | നടപടി ക്രമം പാലിച്ചിട്ടില്ല |
| 4.സംയുക്ത പ്രോജക്ടിലെ മുഖ്യ പങ്കാളി വിശദമായ പ്രോജക്റ്റ് തയ്യാറാക്കണം മറ്റ് പങ്കാളികൾ വിഭവം കൈമാറുന്നതിന് | നടപടി ക്രമം പാലിച്ചിട്ടുണ്ട് |

| | |
|---|---|
| സഹായകമായ പ്രോജക്ട് തയ്യാറാക്കണം. | |
| 5.ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ വിഭവ വിതരണം നടത്തുന്നതും സ്വീകരിക്കുന്നതുമായ പ്രോജക്ടുകളുടെ പട്ടിക തയ്യാറാക്കി പരസ്പരം കൈമാറ്റം ചെയ്യണം. | നടപടി ക്രമം പാലിച്ചിട്ടുണ്ട്(ഓഡിറ്റ് എൻക്വയറി മറുപടി, രേഖകൾ ലഭ്യമാക്കിയിട്ടില്ല) |
| 6.മുഖ്യപങ്കാളിയായ തദ്ദേശ ഭരണ സ്ഥാപനത്തിന് പ്രോജക്ട് നിർവഹണം തൻവർഷം നടത്താൻ കഴിയാത്ത പക്ഷം ഫണ്ട് തിരികെ നൽകി അടുത്ത സാമ്പത്തിക വർഷത്തെ സ്പിൽ ഓവർ ഗണത്തിൽ ഉൾപ്പെടുത്താൻ അപേക്ഷിക്കേണ്ടതാണ്. | നടപടി ക്രമം പാലിച്ചിട്ടില്ല.തിരിച്ചടയ്ക്കാതെ തനത് ഫണ്ടിൽ സൂക്ഷിച്ചുവരുന്നു. |
| 7.സംയുക്ത പ്രോജക്ടുകളിൽ ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് സൂക്ഷിക്കണം | ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് ആരംഭിച്ചിട്ടില്ല.തനത് ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കുന്നു. |
| 8സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് സെപ്റ്റംബർ 30 നകം നിർവഹണം നടത്തുന്ന തദ്ദേശ ഭരണ സ്ഥാപനത്തിന്റെ ജോയിന്റ് വെഞ്ച്വർ അക്കൗണ്ടിൽ ട്രാൻസ്ഫർ ചെയ്ത് നൽകണം | സമയക്രമം പാലിച്ചിട്ടില്ല.15/12/2017നാണ് വിവരം ലഭ്യമാക്കിയത് |
| 9.നിർവഹണം ഏറ്റെടുക്കുന്ന തദ്ദേശഭരണ സ്ഥാപനം ജോയിന്റ് വെഞ്ച്വർ അക്കൗണ്ട് മാർച്ച് 31ന് മുൻപ് റീകൺസിലിയേഷൻ നടത്തി ചെലവഴിക്കാത്ത/ചെലവഴിക്കാൻ കഴിയാത്ത തുക അതത് തദ്ദേശ ഭരണ സ്ഥാപനങ്ങൾക്ക് കൈമാറണം | പ്രസ്തുത നടപടി ക്രമം പാലിച്ചിട്ടില്ല.സംയുക്ത പ്രോജക്ടിന്റെ തുക തനത് ടി.എസ്.ബി അക്കൗണ്ടിൽ സൂക്ഷിക്കുന്നു. |

മേൽ നടപടിക്രമം പാലിക്കാത്തതിനാൽ മുഖ്യപങ്കാളിയായ ഗ്രാമപഞ്ചായത്തിന് പ്രോജക്ട് ഉപേക്ഷിക്കേണ്ട/പൂർണ്ണമായ ഫണ്ട് ലഭ്യമാകാത്ത സാഹചര്യം ഉണ്ടായി.

ഉദാ:

| ക്രമ നം | പ്രോജക്ട് നമ്പർ | നിർവഹണം | വിശദാംശങ്ങൾ |
|---|---|---|---|
| 1 | 61/18<br>പാലിന് സബ്സിഡി | ഡയറിഫാം ഇൻസ്പെക്ടർ<br>(വികസനകാര്യ സ്റ്റാ. കമ്മിറ്റി) | ജില്ല പഞ്ചായത്ത് വിഹിതം പൂർണ്ണമായി ലഭ്യമാക്കി വിനിയോഗിച്ചിട്ടില്ല. വിഹിതമായി ലഭ്യമാക്കേണ്ട 5,00,000/- രൂപയിൽ 1,00,000/-രൂപ മാത്രമേ ലഭ്യമായുള്ളു ക്ഷീരകർഷകർക്ക് ലഭ്യമാകേണ്ട സബ്സിഡി തുകയിൽ കുറവ്. |

## 3-6 <u>വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല-18,24,137/- രൂപ തടസപ്പെടുത്തുന്നു.</u>

i)സെക്രട്ടറി നിർവഹണം നടത്തിയ ഡെപ്പോസിറ്റ് വർക്കുകളിൽ വിവിധ സ്ഥാപനങ്ങളിൽഒടുക്കുവരുത്തിയ തുകകളുടെ വിനിയോഗസാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല. ആയതിനാൽ അത്തരത്തിൽ ചെലവായ 7,09,304 /- രൂപ തടസ്സത്തിൽവയ്ക്കുന്നു. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട്/നം | തുകകൈപ്പറ്റിയ സ്ഥാപനം | തുക | ബിൽനം/തീയതി |
|---|---|---|---|---|
| 1 | കരിച്ചാറ LPSന് സമീപം പൈപ്പ് ലൈൻ എക്സ്റ്റൻഷൻ - 168/18 | KWA | 166404 | 18/17-18/ 11.12.17 |
| 2 | തെക്കേവിള അങ്കണവാടി പൈപ്പ് ലൈൻ എക്സ്റ്ററൻഷൻ- 170/18 | KWA | 55274 | 21/17-18/ 16.12.17 |

| | | | | |
|---|---|---|---|---|
| 3 | കല്ലിങ്കര പൈപ്പ് ലൈൻ എക്സ്റ്റൻഷൻ-171/18 | KWA | 55311 (25040+30271) | 16/17-18/ 11.12.17 17/17-18/ 11.12.17 |
| 4 | മാമ്പഴ-തിരുവെള്ളൂർ റോഡ്-പൈപ്പ് ലൈൻ എക്സ്റ്റൻഷൻ172/18 | KWA | 10200 | ഹാജരാക്കിയില്ല |
| 5 | കരിച്ചാറ, ശ്രീപാദം, മൈദാനി, വെള്ളൂർ, പള്ളിച്ചവീട്, പായ്ച്ചിറ ലൈൻഎക്സ്റ്റൻഷൻ184/18 | KWA | 392115 | 20/17-18/ 16.12.17 |
| 6 | കരിച്ചാറ അപ്പോളോകോളനി-സ്ട്രീറ്റ് ടാപ്പ് മെയിന്റനൻസ് 177/18 | KWA | 30000 | 22/17-18/ 16.12.17 |
| Total | | | 709304 | |

ii)അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെപ്പറയുന്ന പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. ആയതിനാൽ ഈയിനത്തിൽ ചെലവായ 11,14,833/-രൂപ തടസ്സത്തിൽ വയ്ക്കുന്നു. വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

| പദ്ധതി നം | അടങ്കൽ തുക | ചെലവ് തുക | ബിൽ നമ്പർ, തീയതി |
|---|---|---|---|
| SO193/18ലൈഫ് ഭവന പദ്ധതി ബ്ലോക്കിന് നൽകേണ്ട പഞ്ചായത്ത് വിഹിതം | 431750 (വി.ഫണ്ട് ജനറൽ) | 431750 | 21/17-18 13.03.2018 |
| SO 194/18ലൈഫ് ഭവന പദ്ധതിബ്ലോക്കിന് നൽകേണ്ട പഞ്ചായത്ത് വിഹിതം(എസ്.സി.പി) | 683083 (വി.ഫണ്ട് ജനറൽ) | 683083 | 22/17-18 13.03.2018 |
| ആകെ | | 11,14,833 | |

## 3-7 (a) <u>തെരുവ് വിളക്കുകളുടെ പരിപാലനം- സ്റ്റോർ പർച്ചെയ്സ് മാന്വൽ നിർദ്ദേശം പാലിച്ചില്ല</u>

ഗ്രാമപഞ്ചായത്തുകളിൽ സാധനസാമഗ്രികൾ വാങ്ങുന്നതിന് ജി.ഒ(പി)3/2013/എസി.പി.ഡി.21.6.2013 എന്ന സർക്കാർ ഉത്തരവ് പാലിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. മേൽ ഉത്തരവ് ഖണ്ഡിക 6.1 പ്രകാരം കഴിഞ്ഞ 3മുതൽ 5 വർഷങ്ങളിലെ ഉപയോഗം മുൻനിർത്തി ഓരോ വർഷവും ആവശ്യമായ സാധനങ്ങളുടെ പട്ടിക വർഷാരംഭത്തിന് മുൻപ് തയ്യാറാക്കി, ആവശ്യമായ തുക ബജറ്റിൽ വകയിരുത്തി വിലക്കുറവുള്ള സീസണിൽ സാധനങ്ങൾ വാങ്ങാൻ ശ്രദ്ധിക്കേണ്ടതാണ്. പ്രസ്തുത നിർദ്ദേശം പാലിക്കാതെ 2017-18 സാമ്പത്തികവർഷത്തിൽ തെരുവ് വിളക്കുകളുടെ പരിപാലനവുമായി ബന്ധപ്പെട്ട് ഗ്രാമ പഞ്ചായത്ത് താഴെ പറയും പ്രകാരം പദ്ധതികൾ നടപ്പാക്കിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്ട് നം. | പദ്ധതി അടങ്കൽ | പദ്ധതി ചെലവ് | ബിൽ നം. |
|---|---|---|---|---|
| 1 | SO047/17-18 തെരുവ് വിളക്കുകൾക്കുള്ള സാധന സാമഗ്രികൾ വാങ്ങൽ | 287600( Plan Gen) | 286836 | 81/17-18/ 31.10.17 |
| 2 | SO048/17-18തെരുവ് വിളക്കിനായി ഡബിൾ ട്യൂബ് സെറ്റ് സ്ഥാപിക്കൽ | 270000 (Finance Comm.Grant) | 268275 | 82/17-18 / 31.10.17 |

14.09.17 ലെ പ്രൊക്യൂർമെന്റ് കമ്മിറ്റി തീരുമാനം 1(2) പ്രകാരമാണ് സാധന സാമഗ്രികൾ വാങ്ങിയിട്ടുള്ളതെങ്കിലും, ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 38നുള്ള മറുപടിയായി മുൻവർഷങ്ങളിലെ ഇതേ ഇനത്തിലുള്ള ചെലവ്, മഴക്കാലം, ഫണ്ടിന്റെ ലഭ്യത എന്നിവ കണക്കിലെടുത്താണ് ആവശ്യകത നിർണയിച്ചത് എന്നറിയിച്ചിട്ടുണ്ട്. എന്നാൽ ഇത് സാധൂകരിക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. കൂടാതെ മേൽ വിവരങ്ങൾ സംബന്ധിച്ച് പ്രൊക്യൂർമെന്റ് കമ്മിറ്റി മിനിട്ട്സിലോ, വർക്കിംഗ് ഗ്രൂപ്പ് മിനിട്സിലോ, ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മിനിട്സിലോ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല.

സ്റ്റോർ, സ്റ്റോക്ക് എന്നിവ പരിശോധിച്ചതിൽ വാങ്ങിയ സാധനങ്ങൾ, സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്തിട്ടുണ്ടെങ്കിലും, സ്റ്റോക്കുകൾ എണ്ണി തിട്ടപ്പെടുത്തുവാൻ കഴിയാത്ത തരത്തിൽ സൂക്ഷിച്ചിരിക്കുന്നതായും ചില സ്റ്റോക്കുകൾ രജിസ്റ്ററിലെ രേഖപ്പെടുത്തലുകളെക്കാൾ കൂടുതൽ ഉള്ളതായും ഭൗതിക പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം | യഥാർത്ഥ സ്റ്റോക്ക് പ്രകാരം |
|---|---|---|
| ട്യൂബ് ലൈറ്റ് | 600 എണ്ണം | 810 |
| സ്റ്റാർട്ടർ | 0 | സ്റ്റോക്കിൽ കാണുന്നു.<br>എണ്ണിതിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല |
| അലുമിനിയം വയർ | 10 കോയിൽ | സ്റ്റോക്കിൽ ഇല്ല |
| ഡബിൾ ട്യൂബ് സെറ്റ് ,<br>അനുബന്ധ ഉപകരണങ്ങൾ | 128 എണ്ണം | സ്റ്റോക്കിൽ കാണുന്നു.<br>എണ്ണിതിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല |

ആവശ്യകതാനിർണയം നടത്താതെ പ്രോജക്ടുകൾ വഴി തെരുവ് വിളക്കിനായുള്ള ട്യൂബ്ലൈറ്റുകൾ വാങ്ങിയതാണ് ഇപ്രകാരം ട്യൂബ്ലൈറ്റ് അധിക സ്റ്റോക്ക് ആകാൻ കാരണം. കൂടാതെ സാധനസാമഗ്രികളുടെ വിതരണ പ്രക്രിയയിൽ നിർവ്വഹണ ഉദ്യോഗസ്ഥന്റെ മേൽനോട്ടക്കുറവും പ്രകടമാണ്. ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പ്രോജക്ട് മോണിറ്റർ ചെയ്യുന്നതിൽ വീഴ്ച സംഭവിച്ചിട്ടുണ്ട്. ഭരണസമിതിയുടെ സത്വരശ്രദ്ധ ഈവിഷയത്തിൽ ഉണ്ടാകേണ്ടതുണ്ട്.

## 3-7(b) പ്രോജക്ട് ആസൂത്രണത്തിലെ പിഴവ്- സ്ട്രീറ്റ് മെയിനിൽ വേണ്ട ക്രമീകരണങ്ങളില്ലാതെ ഡബിൾ ട്യൂബ്സെറ്റ് വാങ്ങി

പ്രോജക്ട് നമ്പർ 48/17-18- തെരുവ് വിളക്കിനായി ഡബിൾ ട്യൂബ് സെറ്റ് വാങ്ങൽ(ചെലവ്:268275/-, ബിൽ നം.82/17-18,/31.10.17)പ്രകാരം 128 എണ്ണം ഡബിൾ ട്യൂബ്സെറ്റ് വാങ്ങിയിട്ടുണ്ട്. സ്റ്റോക്ക് ആന്റ് സ്റ്റോറിന്റെ ഭൗതിക പരിശോധനയിൽ പ്രസ്തുത സാധനങ്ങൾ നാളിതുവരെ ഉപയോഗിച്ചിട്ടില്ല. 22.1.18 ലെ പഞ്ചായത്ത് ഭരണസമിതി തീരുമാനം 1(2) പ്രകാരം 90എണ്ണം സ്ഥാപിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുവാൻ കെ.എസ്.ഇ.ബി അസി.എഞ്ചിനീയറോട് അഭ്യർത്ഥിക്കുവാൻ തീരുമാനമെടുത്തിട്ടുണ്ട്. എന്നാൽ ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (38/27.9.18) മറുപടിയായി 90 എണ്ണം സ്ഥാപിക്കുന്നതിനായി കെ.എസ്.ഇ.ബി യിൽ നിന്നും എസ്റ്റിമേറ്റ് ലഭിച്ചിട്ടില്ല എന്നും ബാക്കി 38 എണ്ണം സ്ഥാപിക്കുന്നതിനായി സ്ട്രീറ്റ് മെയിൻ വലിക്കേണ്ടതുണ്ടെന്നും അറിയിച്ചു. പ്രസ്തുത പ്രവൃത്തിക്കായി 2018-19 വർഷത്തിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. വേണ്ടത്ര ക്രമീകരണങ്ങൾ ഉറപ്പുവരുത്താതെ തെരുവ് വിളക്കുകൾക്കായി ഡബിൾ ട്യൂബ്സെറ്റ് വാങ്ങിയത് പ്രോജക്ടിന്റെ ആസൂത്രണത്തിലെ പിഴവാണ്. കൂടാതെ വികസനകാര്യസ്റ്റാന്റിംഗ് കമ്മിറ്റിക്ക് കീഴിലുള്ള മരാമത്ത് പ്രവൃത്തികളും, ഊർജവും എന്ന വർക്കിംഗ് ഗ്രൂപ്പ് 2017-18 പദ്ധതികളുടെ ആസൂത്രണവുമായി ബന്ധപ്പെട്ട് യോഗം ചേർന്നിട്ടില്ല.(മിനിട്സ് പരിശോധന)

## 3-8 ഇന്റർലോക്കിംഗ് കോൺക്രീറ്റ് ബ്ളോക്ക് പേവ്മെന്റ്-IRC സ്പെസിഫിക്കേഷൻ പാലിച്ചില്ല-അധിക ചെലവ് ഉണ്ടായി

ഗ്രാമീണ റോഡുകളിലും വാഹനസഞ്ചാരമില്ലാത്ത നടപ്പാതകളിലും സിമന്റ് ബ്ളോക്ക് ഉപയോഗിച്ച് ഇന്റർലോക്കിംഗ് പ്രവൃത്തി നടത്തുന്നതിന് IRC സ്പെസിഫിക്കേഷനിൽ (063) വ്യവസ്ഥയുണ്ട്. പ്രസ്തുത വ്യവസ്ഥ പ്രകാരം (Guideline for the

use of interlocking Concrete Block Pavement) നടപ്പാത, 3mൽ താഴെ വീതിയുള്ള ഗ്രാമീണ റോഡുകൾ, ലോക്കൽ അതോറിറ്റി ഫൂട്ട് വേ, റസിഡൻഷ്യൽ റോഡുകൾ (light vehicle traffic) എന്നിവയിൽ 60mm കനത്തിലുള്ള (35N/mm$^2$ കംപ്രസ്സീവ് സ്ട്രെങ്ത് ഉള്ളവയും) പേവ്മെന്റ് ബ്ലോക്കും, സ്മാൾ, മീഡിയം ട്രാഫിക്ക് ഉള്ള റോഡുകളിൽ 80mm കനത്തിലുള്ള പേവ്മെന്റ് ബ്ളോക്കുകളും (compressive strength of paver blocks at 28 days 40N/mm$^2$ )ഉപയോഗിക്കണമെന്നാണ് വ്യവസ്ഥ. എന്നാൽ പ്രസ്തുത സ്പെസിഫിക്കേഷൻ പാലിക്കാതെ ചുവടെ ചേർത്തിരിക്കുന്ന 3m ൽ താഴെ മാത്രം വീതിയുള്ളതും Light Vehicle Traffic ഉള്ളതുമായ ഇന്റർലോക്ക് പ്രവൃത്തികളിൽ, 80mm ബ്ളോക്ക് ഉപയോഗിച്ച് എസ്റ്റിമേറ്റ് തയ്യാറാക്കി നിർവ്വഹണം നടത്തിയതിനാൽ ഗ്രാമപഞ്ചായത്ത് ഫണ്ടിന് അധികചെലവ് ഉണ്ടായിട്ടുണ്ട്. 2016 DSR Cost Index 1.5098 പ്രകാരം mord specification 6.7.2 ൽ 60mm കനത്തിൽ പേവർ ബ്ളോക്കിന് 787.19/m$^2$ രൂപയും 80mm കനത്തിലുള്ള പേവർ ബ്ളോക്കിന് 839.21/m$^2$ രൂപയുമാണ്.

| ക്രമ നം | പ്രോജക്ട് നം/പേര് | ഇന്റർലോക്ക് ചെയ്ത ഏര്യ | 80mm കനത്തിലുള്ള പേവർ ബ്ളോക്കിന്റെ ചെലവ് (ഏര്യ* 839.21/m$^2$) | 60mm കനത്തിലുള്ള പേവർ ബ്ളോക്കിന്റെ ചെലവ് (ഏര്യ* 787.19 /m$^2$ | അധികചെലവ് |
|---|---|---|---|---|---|
| 1 | 83/17(പറമ്പുവാരം ഫുട്പാത്ത് കോൺക്രീറ്റ്) | 159.937ച.മീ | 134220.72 | 125900.80 | 8319.92 |
| 2 | 73/18(മുസ്ലീം ഹൈസ്കൂൾ നടപ്പാത ഇന്റർലോക്കിംഗ്) | 273.837 ച.മീ | 229806.75 | 215561.74 | 14245.01 |
| 3 | 164/18(മുത്താരമ്മൻ ക്ഷേത്രം നടപ്പാത ഇന്റർലോക്കിംഗ്) | 187.38ച.മീ | 157251.16 | 147503.66 | 9747.50 |
| 4 | 95/18(തോട്ടുമുഖം-കെ.കെ നടപ്പാത ഇന്റർലോക്കിംഗ്) | 286.68ച.മീ | 240584.72 | 225671.62 | 14913.10 |
| 5 | 107/18(എസ്.കെ നടപ്പാത ഇന്റർലോക്കിംഗ് ടൈൽപാകൽ) | 96.95ച.മീ | 81361.40 | 76318.07 | 5043.33 |
| 6 | 105/18(കെ.ജെ നടപ്പാത ഇന്റർലോക്കിംഗ്) | 187.98 ച.മീ | 157754.69 | 147975.97 | 9778.72 |
| 7 | 88/18(കുളിർനീറ്റിക്കരി നടപ്പാത ഇന്റർലോക്കിംഗ്) | 361.37 ച.മീ | 303265.31 | 284466.85 | 18798.46 |
| ആകെ | | | | | 80846.00 |

പൊതുമരാമത്ത് പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, നിർവഹണം എന്നിവയിൽ മരാമത്ത് - ഊർജവും എന്ന വർക്കിംഗ് ഗ്രൂപ്പ് മോണിട്ടർ ചെയ്തിട്ടില്ല എന്ന് വ്യക്തമാണ്.

## 3-9 ടൈൽ പാകൽ പ്രവൃത്തിക്ക് അധിക നിരക്ക് നല്കി-67549/- രൂപ നഷ്ടം -തുക നിരാകരിക്കുന്നു

Mord Specification 1500 പ്രകാരം നടപ്പാത, റോഡിന്റെ വെള്ളക്കെട്ടുള്ള പ്രദേശം എന്നിവടങ്ങളിൽ സിമന്റ് ഇന്റർലോക്കിംഗ് നടത്തുന്നത് അനുവദനീയമാണ്. പ്രസ്തുത സ്പെസിഫിക്കേഷൻ പ്രകാരമുള്ള നിരക്കിൽ ടൈൽ പാകുന്ന പ്രദേശത്തിന്റെ വശങ്ങളും എഡ്ജും കൂടി ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത്തരം പ്രവൃത്തികൾക്ക് Mord SOR Code M38&M348 ഉൾപ്പെടുത്തിയാണ് പ്രവൃത്തി പൂർത്തിയാക്കുന്നതിനുള്ള നിരക്ക് കണക്കാക്കിയിട്ടുള്ളത്. ഇപ്രകാരം നിരക്ക് അനുവദിച്ച് നൽകിയ പ്രവൃത്തികളിൽ observed data ആയി " Providing Cement Concrete for plain/ reinforced Cement in open foundation complete as per drawings and technical specification clause 802, 803, 1202&1203, pcc grade M20 Normal mix(1:2:4)" എന്ന ഇനം ഉൾപ്പെടുത്തി ഇന്റർലോക്ക് ചെയ്ത കരാറുകാരന് ആനുകൂല്യം നൽകിയിട്ടുണ്ട്. ഇപ്രകാരം അധികമായി നൽകിയ Pcc grade M20(Concrete mix 1:2:4) യുടെ നിരക്ക് ഓഡിറ്റിൽ അംഗീകരിയ്ക്കുന്നില്ല. പ്രസ്തുത തുക കരാറുകാരനിൽ നിന്നും ഈടാക്കേണ്ടതാണ്. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം | കോൺക്രീറ്റിംഗ് ചെയ്ത ഏരിയ | നൽകിയ തുക | M-book നം | ബിൽ നം | അടങ്കൽ തുക/ ഫണ്ടിനം | കരാറുകാരൻ |
|---|---|---|---|---|---|---|
| 91/17 | 2.397m$^3$ പുന്നവിളാകം റോഡ് | 19305/- (8047.18/m$^3$) DSR 2014 Index 46.67 | 138/16-17 | 4/17-18 /30.06.17 | 836000/മെയിന്റനൻസ് ഗ്രാന്റ് റോഡ് | ബി.മോഹനൻ |
| 86/17 | 2.154m$^3$ അണപ്പാലം ഇടപ്പറമ്പിൽ റോഡ് | 18715.57/- (8688.75/m$^3$) DSR 2016 Cost Index 1.5098 | 16/17-18 | 38/17-18 /12.03.18 | 635000/ (CFC) | ജി.അജയകുമാർ |
| 27/17 | 2.571m$^3$ മുളയ്ക്കവിളാകം റോഡ് | 20689.30/- (8047.18/m$^3$) DSR 2014 Price Index 46.67% | 168/16-17 | 23/16-17 /31.01.18 | 484000 | ഗോപകുമാരൻ നായർ |
| 38/18 | 1.201m$^3$ കണിയാപുരം റെയിൽവേ ഗേറ്റ് റോഡ് | 8839.13/- (7359.81/m$^3$) DSR 2016 Cost index (50.98%) | 303/16-17 | 15/17-18 /12.10.17 | 200000/- (മെയിന്റനൻസ് ഗ്രാന്റ് റോഡ്+തനത് ഫണ്ട്) | ഷെരീഫ് (കൺവീനർ) |
| | | ആകെ | | | 67549/- | |

## 3-10 ടെണ്ടർ നടപടിക്രമങ്ങളിൽ സുതാര്യതയില്ല.

1997-ലെ കേരളാ പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പ് ചട്ടങ്ങൾ പ്രകാരം പ്രവൃത്തിയുടെ മതിപ്പ് ചെലവിന്റെ അടിസ്ഥാനത്തിൽ വ്യാപകമായ പ്രചാരണം നല്കണമെന്നാണ് വ്യവസ്ഥ. മതിപ്പ് ചെലവ് 1ലക്ഷം രൂപക്കും 10ലക്ഷം രൂപക്കും ഇടയിൽ വരുന്ന പ്രവൃത്തികളിൽ കുറഞ്ഞത് 10 ദിവസത്തെ സമയം നല്കി പഞ്ചായത്ത് പ്രദേശത്ത് ഏറ്റവും കൂടുതൽ പ്രചാരമുള്ള ഒരു പത്രത്തിൽ നിർബന്ധമായും, ആവശ്യമെങ്കിൽ മറ്റ് പത്രങ്ങളിലും പരസ്യപ്പെടുത്തേണ്ടതാണ്. നിയമാനുസൃത സമയം അനുവദിക്കാതെയും പ്രചാരണക്കുറവുള്ള പത്രത്തിൽ പരസ്യം നല്കുകയും ചെയ്താണ് മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്. പ്രസിദ്ധപ്പെടുത്തിയ നോട്ടീസ് അനുസരിച്ച് ന്യായമായ എണ്ണം ടെണ്ടറുകൾ ലഭിക്കാതെ വരികയോ, ലഭിച്ച ടെണ്ടറുകളിലെ നിരക്കുകൾ സ്വീകാര്യമല്ലാതെ വരികയോ ചെയ്താൽ റിടെണ്ടർ നടപടി സ്വീകരിക്കേണ്ടതാണെന്ന നിയമവ്യവസ്ഥ പാലിച്ചിട്ടില്ല. കൂടാതെ മിക്ക ടെണ്ടറുകളും രണ്ട് പേർ മാത്രം പങ്കെടുക്കുന്നു. അതിൽ ഒന്ന് എസ്റ്റിമേറ്റിൽ അധികരിച്ച നിരക്കും, ഒന്ന് എസ്റ്റിമേറ്റ് നിരക്കും മാത്രമേ രേഖപ്പെടുത്തുന്നുള്ളൂ. ചില ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം | പ്രോജക്ടിന്റെ പേര് | അടങ്കൽ തുക | കരാറുകാരുടെ പേരും, ക്വാട്ട് ചെയ്ത തുകയും | റിമാർക്സ് |
|---|---|---|---|---|---|
| 1 | 148 | താമരശ്ശേരി-പറങ്കിമാം വിള റോഡ് കോൺക്രീറ്റ് | 350000 (വി.ഫ ജനറൽ) | റ്റി.ഗോപകുമാർ, മേനംകുളം 0.01% കുറവ് | റ്റി.ഗോപകുമാറിന്റെ ടെണ്ടർ അംഗീകരിച്ചു. |
| | | | | അജി. പി, മേനംകുളം എസ്റ്റിമേറ്റ് റേറ്റ് | |

| | | | | | |
|---|---|---|---|---|---|
| 2 | 153 | കണിയാപുരം യു.പി.എസ് വേസ്റ്റ് പിറ്റ് നിർമാണം, അടുക്കള മെയിന്റനൻസ് | 150000 (വി.ഫ ജനറൽ) | മോഹനകുമാരൻ നായർ, കൊയ്ത്തൂർക്കോണം 2%അധികം<br>പി.ഷീബ, കണിയാപുരം, എസ്റ്റിമേറ്റ് റേറ്റ് | പി.ഷീബ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചു. |
| 3 | 157 | തിരുവെള്ളൂർ എൽ.പി.എസ് ന്റെ ശേഷിക്കുന്ന പ്രവൃത്തികൾ | 100000 (വി.ഫ ജനറൽ) | ഷാജി.ജി, അയണിമൂട് എസ്റ്റിമേറ്റ് റേറ്റ്<br>എസ്.മണികണ്ഠൻ, തെറ്റിച്ചിറ 2%അധികം | ഷാജി.ജി,സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചു. |
| 4 | 142 | തെക്കേവിള അംഗൻവാടി പാർശ്വ ഭിത്തി നിർമാണം | 208000 (വി.ഫ ജനറൽ) | ജി.അജയകുമാർ, വെട്ടുറോഡ് എസ്റ്റിമേറ്റ് റേറ്റ്<br>റ്റി.ഗോപകുമാർ, മേനംകുളം 2% അധികം | ജി.അജയകുമാർ സമർപ്പിച്ച ടെണ്ടർ അംഗീകരിച്ചു. |

എഗ്രിമെന്റ് രജിസ്റ്ററുകളുടെ പരിശോധനയിൽ, ചില പ്രത്യേക കരാറുകാർക്കാണ് കൂടുതൽ പ്രവൃത്തികളുടെ ടെണ്ടർ ഉറപ്പിച്ച് നല്കിയിരിക്കുന്നതെന്ന് കാണുന്നു. ഈ പ്രവണത പൊതുമരാമത്ത് പ്രവൃത്തികളുടെ നടത്തിപ്പിലെ സുതാര്യത ഇല്ലാതാക്കുന്നു. ഇപ്രകാരം മത്സരമില്ലാതെ ടെണ്ടർ നടപടികളും കരാറുകാരുടെ കുത്തകാവകാശരീതിയും ഗ്രാമപഞ്ചായത്തിന്റെ സാമ്പത്തിക സ്ഥിതിയെ ദോഷകരമായി ബാധിക്കുന്ന സാഹചര്യം നിലനില്ക്കുന്നു. ടെണ്ടറിൽ മത്സരം ഉറപ്പുവരുത്തുന്നതിനും, പ്രവൃത്തിയുടെ ചെലവ് കുറയ്ക്കാനും പരമാവധി പ്രചാരണം നല്കി ടെണ്ടർ നടപടികൾ നടത്തുന്നതിന് ഗ്രാമപഞ്ചായത്ത് ഭരണസമിതി ജാഗ്രത പുലർത്തേണ്ടതാണ്.

## 3-11 ആസ്തി രജിസ്റ്റർ പരിപാലനം കാലികമാക്കണം.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 166(1)വകുപ്പ് 3ാം പട്ടിക പ്രകാരം റോഡുകളും, മറ്റ് പൊതു മുതലുകളും സംരക്ഷിക്കുക എന്നത് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അനിവാര്യ ചുമതലയാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനം വികേന്ദ്രീകരണാസൂത്രണത്തിലൂടെ പദ്ധതിപ്പണം വിനിയോഗിച്ച് ആസ്തികൾ ആർജിക്കുന്നു. ഇവയഥാസമയം രേഖപ്പെടുത്തി സൂക്ഷിച്ചാൽ മാത്രമേ പ്രസ്തുത സ്ഥാപനത്തിന്റെ ആസ്തികളുടെ മൂല്യം കണക്കാക്കി ശരിയായ സാമ്പത്തിക സ്ഥിതി അവലോകനം സാധ്യമാകുകയുള്ളൂ. ആസ്തികളുടെ പരിപാലനവും സംരക്ഷണവും പ്രസ്തുത ആസ്തി രജിസ്റ്ററിലെ വിവരങ്ങളുടെ അടിസ്ഥാനത്തിലായിരിക്കേണ്ടതുമാണ്. എന്നാൽ ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ മരാമത്ത് പ്രവൃത്തികളിൽ 30% പ്രവൃത്തികളും നിലവിലെ ആസ്തി രജിസ്റ്ററിൽ ഉൾപ്പെടാത്തവയാണെന്ന് കാണുന്നു. കൂടാതെ തൻവർഷം പ്രവൃത്തി പൂർത്തിയായ 23ാം നമ്പർ അംഗൻവാടി ഗ്രാമ പഞ്ചായത്തിന്റെ ആസ്തി രജിസ്റ്ററിൽ നാളിതുവരെ ഉൾപ്പെടുത്തിയിട്ടുമില്ല. പഞ്ചായത്തിന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്താതെ ഈ മേഖലയിൽ നടത്തിയ നിർമാണ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ആസ്തി രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. (ഉദാ. ബ്ലോക്ക് പഞ്ചായത്ത്/ജില്ലാപഞ്ചായത്ത് വിഹിതം MLA/MP ഫണ്ട്) ഇതുമൂലം ആസ്തിരജിസ്റ്ററിൽ ചേർക്കാത്ത റോഡുകളുടെ നിർമാണപ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും റോഡ് ആസ്തിയിലുണ്ടായ മൂല്യ വർദ്ധനവ് പരിശോധിക്കുന്നതിനും കഴിയുന്നില്ല. വിവിധതരം റോഡുകളുടെ നിർമാണ/സംരക്ഷണ പ്രവൃത്തികൾക്കായി നിശ്ചയിച്ചിട്ടുള്ള ഗ്യാരന്റി പീരീഡിനുള്ളിൽ വീണ്ടും പ്രവൃത്തി ഏറ്റെടുക്കുന്നുണ്ടോയെന്ന് ഫലപ്രദമായി നിരീക്ഷിക്കാൻ ഓഡിറ്റിന് സാധിക്കുന്നില്ല. ഭരണസമിതിയുടെ സത്വര ശ്രദ്ധ ഈ വിഷയത്തിൽ ക്ഷണിക്കുന്നു.

## 3-12 ആസൂത്രണത്തിലെ പോരായ്മ-ഗ്രീൻപ്രോട്ടോകോൾ തുടർപ്രവർത്തനങ്ങൾ തടസ്സപ്പെട്ടു

പ്ലാസ്റ്റിക്ക് അജൈവമാലിന്യനിർമാർജ്ജനത്തിന്റെ ഭാഗമായി പഞ്ചായത്തിൽ പ്ലാസ്റ്റിക്ക് മാലിന്യ പരിപാലന ബൈലാ (4.8.2017ലെ 1(1)നമ്പർ തീരുമാനം) നിലവിൽ വരികയും, പ്ലാസ്റ്റിക്ക് നിരോധനം(14.8.2017ലെ 3(1) നം. തീരുമാനം) നടപ്പിലാക്കുകയും ചെയ്തിട്ടുണ്ടെങ്കിലും പ്ലാസ്റ്റിക്ക് മാലിന്യപരിപാലന ബൈലയിലെ വ്യവസ്ഥകൾ പ്രകാരമുള്ള യൂസർഫീ, ഫൈൻ, രജിസ്ട്രേഷൻ ഫീ എന്നിവ ഈടാക്കി ബൈലാ നടപ്പിലാക്കാനും പ്ലാസ്റ്റിക്ക് നിരോധനം സാധ്യമാക്കാനും ആയിട്ടില്ല. പ്രസ്തുത പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷം മെറ്റീരിയിൽ കളക്ഷൻ റിക്കവറി സെന്റർ (പ്രോജ.154/18) നിർമിക്കുകയും, ഹരിത കർമസേന രൂപീകരിച്ച് (5,06,588/- വികസന ഫണ്ട്(ജന) വകയിരുത്തുകയും, 20,000/-വേതന ഇനത്തിൽ ചെലവ് നടത്തുകയും ചെയ്തിട്ടുണ്ട്) ഖരമാലിന്യ ശേഖരണം (proj. no.188/18) നടത്താൻ ആരംഭിച്ചുവെങ്കിലും ലക്ഷ്യപ്രാപ്തി കൈവരിക്കാൻ കഴിഞ്ഞിട്ടില്ല. നിലവിൽ ബ്ലോക്ക് തലത്തിൽ ഖരമാലിന്യ സംസ്കരണകേന്ദ്രം സജ്ജമാകാത്തതിനാൽ, പഞ്ചായത്തിൽ നിന്ന് ശേഖരിച്ച 250Kg ാളം പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സെന്ററിൽ സംഭരിച്ചിട്ടുണ്ട്. നിലവിൽ ഹരിത കർമസേനയുടെ പ്രവർത്തനം നിലച്ചിരിക്കുകയാണ്. കൂടാതെ 1994ലെ കേരളപഞ്ചായത്ത് രാജ് ആക്റ്റ്- വകുപ്പ് 219X പ്രകാരം പഞ്ചായത്ത് മാലിന്യ നിർമാർജ്ജനഫണ്ട് രൂപീകരിച്ചിട്ടില്ല.

ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തി, വ്യക്തമായ ആസൂത്രണം നടത്താത്തതു മൂലമാണ് ഇപ്രകാരം ഗ്രീൻപ്രോട്ടോകോൾ നടപ്പിലാക്കുന്നതിനായുള്ള തുടർപ്രവർത്തനങ്ങൾ തടസ്സപ്പെട്ടത്. ഈ വിഷയത്തിൽ ഭരണസമിതിയുടെ അടിയന്തിര ശ്രദ്ധ ക്ഷണിക്കുന്നു.

## 3-13 ഗുണഭോക്തൃ തെരഞ്ഞെടുപ്പ്- യഥാർത്ഥ ഗുണഭോക്താക്കൾക്ക് പ്രോജക്റ്റ് ആനുകൂല്യം ലഭ്യമാകുന്നില്ല.

സർക്കാർ നിർദ്ദേശം പൂർണമായും പാലിയ്ക്കാതെ ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയതിനാൽ അർഹരായ മുഴുവൻ ഗുണഭോക്താക്കൾക്കും പദ്ധതി ആനുകൂല്യം ലഭിച്ചോ എന്ന് ഉറപ്പാക്കാൻ പഞ്ചായത്തിനായിട്ടില്ല. ഗ്രാമ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയുടെ ഭാഗമായി വ്യക്തികൾക്കോ, ഗ്രൂപ്പ് സംരംഭങ്ങളിലെ വ്യക്തികൾ ഉൾപ്പെടെയുള്ള കുടുംബങ്ങൾക്കോ ആനുകൂല്യം നൽകുന്നതിന് വേണ്ടിയുള്ള പ്രോജക്റ്റുകളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് 2017-18 സാമ്പത്തിക വർഷം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗനിർദ്ദേശവും (സ.ഉ(എം.എസ്.80/2017/ത.സ്വ.ഭ.വ തീ.3.4.2017) ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമവും ചുവടെചേർക്കുന്നു.

| ക്രമ നം | സർക്കാർ മാർഗനിർദ്ദേശം | ഗ്രാമപഞ്ചായത്ത് സ്വീകരിച്ച നടപടിക്രമം |
|---|---|---|
| 1 | വ്യാപകമായ പ്രചരണംനൽകി ആവശ്യമുള്ള മുഴുവൻപേർക്കും അപേക്ഷ നൽകാനുള്ള അവസാന തീയതിയും, സമയവും നിശ്ചയിക്കൽ | നിർദ്ദേശം പാലിച്ചിട്ടുണ്ട്. |
| 2 | അപേക്ഷ സ്വീകരിച്ച ശേഷം അർഹതാമാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെ ഒഴിവാക്കി അർഹരുടെ കരട് ലിസ്റ്റ് വർക്കിംഗ് ഗ്രൂപ്പ് തയ്യാറാക്കണം | അപ്രകാരമുള്ള രേഖകൾ ലഭ്യമല്ല. |
| 3 | അർഹരായവരിൽ നിന്നും മുൻഗണനാ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ മാർക്ക് നല്കി അർഹരായ മുഴുവൻപേരെയുംഉൾപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കണം | മാർക്ക് രേഖപ്പെടുത്തി കരട് മുൻഗണനാലിസ്റ്റ് തയ്യാറാക്കിയിട്ടില്ല. (അപേക്ഷ പരിശോധനയുടെ അടിസ്ഥാനത്തിൽ) |
| 4 | ഫീൽഡ് ലെവൽ പരിശോധന നടത്തി രണ്ട് ഉദ്യോഗസ്ഥർ സാക്ഷ്യപ്പെടുത്തണം. | ഫീൽഡ് ലെവൽ പരിശോധന നടത്തിയിട്ടില്ല<br>(5,7,16,17,18 എന്നീ വാർഡുകളുടെഅപേക്ഷ പരിശോധനയുടെ അടിസ്ഥാനത്തിൽ) |

| | | |
|---|---|---|
| 5 | പരിശോധനയുടേയും സാക്ഷ്യപ്പെടുത്തലിന്റെയും അടിസ്ഥാനത്തിൽ കരട് മുൻഗണനാലിസ്റ്റ് പുതുക്കി തയ്യാറാക്കണം | നടപടിക്രമം പാലിക്കാതെലിസ്റ്റ് തയ്യാറാക്കി |
| 6 | കരട് മുൻഗണനാലിസ്റ്റ് അപേക്ഷകൾസഹിതം ഗ്രാമസഭയിൽ അവതരിപ്പിച്ച് അന്തിമ ലിസ്റ്റ് തയ്യാറാക്കി മിനിട്സ് രേഖപ്പെടുത്തണം | കരട് മുൻഗണനാലിസ്റ്റ് ഗ്രാമസഭയിൽ അവതരിപ്പിച്ചിട്ടുണ്ട് |
| 7 | ഗ്രാമസഭ മിനിട്സിൽ രേഖപ്പെടുത്തിയ ലിസ്റ്റ് ഭരണസമിതി അംഗീകരിച്ച് നൽകണം | ലിസ്റ്റിന് ഭരണസമിതി അംഗീകാരം നല്കിയിട്ടുണ്ട്. (19.7.17ലെ 1(1)തീരുമാനം |
| 8 | ഭരണസമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് പഞ്ചായത്ത് നോട്ടീസ്ബോർഡിലും വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തണം | നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തി. വെബ്സൈറ്റിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല |

മേൽ സൂചിപ്പിച്ച നടപടി ക്രമങ്ങളിൽ ക്രമ നം. 2,3,4,5,6(ഭാഗികം), 8 (ഭാഗികം)പാലിക്കാതെയാണ് ഗുണഭോക്തൃലിസ്റ്റ് തയ്യാറാക്കിയിട്ടുള്ളത്. നിയമപരമായി നിർദ്ദേശിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പൂർണമായും പാലിക്കാതെയുള്ള ഗുണഭോക്തൃ തെരഞ്ഞെടുപ്പ് യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് തടസ്സം സൃഷ്ടിച്ചിട്ടുണ്ട്. കൂടാതെ നിർവഹണത്തിൽ ഗുണഭോക്താക്കളുടെ കുറവ് മൂലം വികസനഫണ്ട് പൂർണമായി ഉപയോഗിയ്ക്കാനാകാത്ത സാഹചര്യവുമുണ്ടായിട്ടുണ്ട്. ഇക്കാരണങ്ങൾ മൂലം തൻവർഷം നടപ്പിലാക്കിയ വനിതാഘടക പദ്ധതികളടക്കമുള്ളവ പൂർണലക്ഷ്യപ്രാപ്തി കൈവരിച്ചിട്ടില്ല എന്ന് വിലയിരുത്തുന്നു.

| പ്രോജക്റ്റ് | നിർവഹണ ഉദ്യോഗസ്ഥൻ | വികസന ഫണ്ട് വിഹിതം | ചെലവ് | ചെലവ് % |
|---|---|---|---|---|
| 62/18മുട്ടക്കോഴിക്കുഞ്ഞുങ്ങൾ-വിതരണം (വനിത) | വെറ്ററിനറി സർജൻ | 270000 (വി.ഫ. ജനറൽ) | 169500 | 63% |
| 63/18മുട്ടക്കോഴിക്കുഞ്ഞുങ്ങൾ-വിതരണം (വനിത- എസ്.സി.പി) | " | 324000 (വി.ഫ. എസ്.സി.പി) | 40050 | 12% |
| 64/18 പെണ്ണാട് വിതരണം-(വനിത) | " | 920000(വി.ഫ. ജനറൽ) | 530000 | 58% |
| 65/18 പെണ്ണാട് വിതരണം-(വനിത-എസ്.സി.പി) | " | 405000 (വി.ഫ. എസ്.സി.പി) | 270000 | 67% |

## 3-14 പെണ്ണാട് വിതരണം - പൂർണമായും ലക്ഷ്യപ്രാപ്തി കൈവരിക്കുന്നില്ല

വനിത ഘടക പദ്ധതിയിൽ (ജനറൽ &എസ്.സി) ഉൾപ്പെടുത്തി പഞ്ചായത്തിലെ വനിതാ ഗുണഭോക്താക്കൾക്ക് പാൽ ഉല്പാദനം, വരുമാന വർദ്ധനവ് എന്നീ ലക്ഷ്യങ്ങളോടെയാണ് ആട് വിതരണം പദ്ധതി ആസൂത്രണം ചെയ്തത്. ആട് വിതരണം-ജനറൽ ഗുണഭോക്തൃ വിഹിതമിനത്തിൽ 5,000/- രൂപ, സബ്സിഡി ഇനത്തിൽ 5,000/- രൂപ, ആട് വിതരണം-എസ്.സി.പി. -ഗുണഭോക്തൃ വിഹിതമിനത്തിൽ 2,500/- രൂപ, സബ്സിഡി ഇനത്തിൽ 7,500/- രൂപ എന്നിങ്ങനെയാണ് ഒരു ഗുണഭോക്താവിന് പ്രോജക്ടിൽ വകയിരുത്തിയത്.

| | | |
|---|---|---|
| 64/18 പെണ്ണാട് വിതരണം-(വനിത) | 920000(വി.ഫ. ജനറൽ) +920000ഗു.വി 184ഗുണഭോക്താക്കൾക്ക്2 ആടുകൾ വീതം | ചെലവ്: 530000 + 530000 (106 ഗുണഭോക്താക്കൾക്ക് 2 ആടുകൾ വീതം നല്കി) |

| | | |
|---|---|---|
| 65/18 പെണ്ണാട് വിതരണം- (വനിത- എസ്.സി.പി) | 405000+135000 ഉ.വി (വി.ഫ. എസ്.സി.പി) 54 ഗുണഭോക്താക്കൾക്ക് 2 ആടുകൾ വീതം | ചെലവ്: 270000 + 90000 (36ഗുണഭോക്താക്കൾ ക്ക് 2 ആടുകൾ വീതം നല്കി) |
| നിർവഹണം : വെറ്ററിനറി സർജൻ<br>സ്റ്റാന്റിംഗ് കമ്മിറ്റി : വികസന കാര്യം<br>വർക്കിംഗ് ഗ്രൂപ്പ് : മൃഗസംരക്ഷണം, ക്ഷീരവികസനം | | |

മേൽ പ്രോജക്റ്റുകളിലിലെ അപാകതകൾ ചുവടെപ്പറയുന്നു.

i) പ്രോജക്റ്റ് ലക്ഷ്യത്തെക്കുറിച്ച് ഗുണഭോക്താക്കൾക്ക് അവബോധമില്ലാത്തതിനാൽ ഗുണഭോക്താക്കളിൽ പലരും തങ്ങൾക്ക് ലഭിച്ച അടുകളുടെ വില്പന നടത്തി. (പഞ്ചായത്തിലെ രണ്ട് വാർഡുകളിലായി നടത്തിയ സ്ഥലപരിശോധന). കരാർ പ്രകാരം ആടുകളെ ലഭിച്ച് മൂന്ന് വർഷം വരെയെങ്കിലും വളർത്തിക്കൊള്ളാമെന്നും, ഈ കാലയളവിൽ യാതൊരു കാരണവശാലും വിൽക്കാനോ, കൈമാറ്റം ചെയ്യാനോ, സ്ഥലം മാറ്റി പാർപ്പിക്കാനോ മറ്റേതെങ്കിലും വിധത്തിൽ അന്യാധീനപ്പെടുത്താനോ പാടുള്ളതല്ല എന്നും, അപ്രകാരം ചെയ്തതായി തെളിഞ്ഞാൽ പഞ്ചായത്ത് നല്കിയ ധനസഹായംപലിശ സഹിതം നേരിട്ടോ, റവന്യൂ റിക്കവറി മുഖേനയോ ഈടാക്കുന്നതാണെന്നും വ്യവസ്ഥയുണ്ടായിട്ടും ഗുണഭോക്താക്കളുടെ മേൽനടപടി അംഗീകരിക്കാവുന്നതല്ല.

ii) പ്രസ്തുത പ്രോജക്റ്റുകൾ പ്രകാരം വിതരണം ചെയ്ത ആടുകൾക്ക് ഗുണഭോക്താവിന്റെ ചെലവിൽ ഇൻഷ്വർ ചെയ്യണമെന്നിരിക്കെ, മേൽ പ്രോജക്റ്റുകൾ മുഖാന്തിരം ആകെ 284 ആടുകളെ ഗുണഭോക്താക്കൾക്ക് നല്കിയിട്ടുണ്ടെങ്കിലും 186 എണ്ണം ആടുകളുടെ ഇൻഷ്വറൻസ് രേഖകൾ മാത്രമേ ഓഡിറ്റിന് പരിശോധനക്കായി ലഭ്യമായിട്ടുള്ളൂ. ഇപ്രകാരമുള്ള പ്രോജക്റ്റുകൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കിയതിന് ശേഷം മാത്രം ആനുകൂല്യം നല്കാൻ ശ്രദ്ധിക്കേണ്ടതാണ്.

iii) വികസനഫണ്ടിൽ ജനറൽ, എസ്.സി.പി ഫണ്ടിൽ നിന്ന് വലിയ തുകകൾ ഈ പ്രോജക്റ്റുകൾക്കായി വകയിരുത്തിയിട്ടുണ്ടെങ്കിലും ഗുണഭോക്താക്കളുടെ അഭാവം മൂലം ഫണ്ട് പൂർണമായി വിനിയോഗിക്കാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. (ഈ റിപ്പോർട്ടിലെ ഖണ്ഡിക 3.13 ലെപട്ടിക 2 കാണുക). വ്യക്തമായ സാധ്യതാപഠനങ്ങൾ നടത്തി, ഗുണഭോക്താക്കൾക്ക് ഉപകാരപ്രദമാകുന്ന പ്രോജക്റ്റുകൾ ആവിഷ്കരിക്കുകയും, അർഹരായ ഗുണഭോക്താക്കളുടെ വ്യക്തമായ പട്ടിക തയ്യാറാക്കി ഫണ്ട് വകയിരുത്തുകയും ചെയ്താൽ മാത്രമേ ഫണ്ടുകളുടെ പൂർണവിനിയോഗം നടത്താൻ കഴിയൂ എന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

## 3-15 വി.ഇ.ഒ II -കൃത്യമായി രേഖകൾ സൂക്ഷിച്ചിട്ടില്ല-ചെലവ് തുക തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റ് നമ്പർ- SO 052/18,

ഭവന പുനരുദ്ധാരണം/ വീട് വാസയോഗ്യമാക്കൽ

പദ്ധതി അടങ്കൽ - 43,50,000/-

ചെലവ്- 39,55,000/-

ബിൽ നം./തീയതി : 2017-18 സാമ്പത്തിക വർഷം ബിൽ നം.1 മുതൽ 40വരെ വിവിധ തീയതികളിലായി മാറിയ ബില്ലുകൾ

സ്റ്റാന്റിംഗ് കമ്മിറ്റി : ക്ഷേമകാര്യം

( പാർപ്പിടം, ദാരിദ്ര്യ ലഘൂകരണം വർക്കിംഗ് ഗ്രൂപ്പ്)

പദ്ധതി പ്രകാരം 29 ഭവനങ്ങൾ വാസയോഗ്യമാക്കുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്.പദ്ധതി നടത്തിപ്പിൽ താഴെ പറയും പ്രകാരം അപാകങ്ങൾ കാണുന്നു.

| | സർക്കാർ നിർദ്ദേശം | നിർവഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടി |
|---|---|---|
| 1 | ക്യാഷ് ബുക്ക്, പ്രോജക്റ്റ് രജിസ്റ്റർ എന്നിവ നിർദ്ദിഷ്ട മാതൃകയുൽ സൂക്ഷിക്കണം ( ജി.ഒ(പി) 177/2006/ ഫിൻ തീയതി 12.04.2006) | സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല |

| | | |
|---|---|---|
| 2 | വരവ് ചെലവ് രജിസ്റ്ററുകൾ , വിതരണ രജിസ്റ്റർ എന്നിവ നിർവഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കണം | നിർദ്ദേശം പാലിച്ചിട്ടില്ല |
| 3 | നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ വരവ്-ചെലവ് രജിസ്റ്ററിലെ രേഖപ്പെടുത്തലുകൾ, ട്രഷറി ബില്ലിനോടൊപ്പം ലഭ്യമാക്കിയ ബെനിഫിഷ്യറി രേഖകളുമായി പൊരുത്തപ്പെടുന്നില്ല. | ഉദാ. Sanction Order 85 8.11.17 ( 50000/-), പ്രകാരമുള്ള ട്രഷറി ബില്ലിൽ ശ്രീമതി. സരള( 25000/-). ശ്രീമതി.ദർശന (25000/-)എന്നീ ഗുണഭോക്താക്കളാണ് ബെനിഫിഷ്യറി വിവരങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളത്. എന്നാൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കിയ വരവ്-ചെലവ് രജിസ്റ്ററിൽ ഇത് സംബന്ധിച്ച രേഖപ്പെടുത്തലുകൾ ഇല്ല. |
| 4 | സബ്സിഡി മാർഗ്ഗരേഖ ജി.ഒ.(എം.എസ്) നം 80/2017 03.04.2017 പ്രകാരം ഭവന പുനരുദ്ധാരണത്തിന് ഭാര്യയുടെയും ഭർത്താവിന്റെയും സംയുക്ത അക്കൗണ്ടിലേക്കാണ് തുക നൽകേണ്ടിയിരുന്നത്. | പദ്ധതി ആനുകൂല്യം ഗുണഭോക്താക്കളുടെ വ്യക്തിഗത അക്കൌണ്ടിലേക്കാണ് നൽകിയിരിക്കുന്നത്.<br>ബേബി കൃഷ്ണൻകുട്ടി,വാർഡ് 1<br>ഓമന സുരേഷ് , വാർഡ്10 |
| 5 | ഭവന പുനരുദ്ധാരണം പദ്ധതി ആനുകൂല്യത്തിായി ഗുണഭോക്താവ് എസ്റ്റിമേറ്റ് തയ്യാറാക്കി അപേക്ഷയോടൊപ്പം സമർപ്പിക്കണം | പ്രോജക്ടുമായി ബന്ധപ്പെട്ട 10അപേക്ഷകൾ പരിശോധിച്ചതിൽ 8 എണ്ണത്തിലും എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടില്ല. |

മേൽ വിഷയങ്ങൾ ചൂണ്ടിക്കാട്ടി നൽകിയ ഓഡിറ്റ് എൻക്വയറി (16/22.9.18 )ക്ക് ക്യാഷ്ബുക്ക്, പ്രോജക്ട് രജിസ്റ്റർ എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. പ്രസ്തുത മറുപടി തൃപ്തികരമല്ല.

വരവ് ചെലവുകളുടെ ആധികാരികത പരിശോധിക്കുവാൻ സാധിച്ചില്ല്ലാത്ത സാഹചര്യത്തിൽ പ്രസ്തുത പദ്ധതിക്കായി ചെലവഴിച്ച 39,55,000 /- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. ഈ വിഷയത്തിൽ ഭരണ സമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു

## 3-16 ജാഗ്രതാസമിതി-പ്രവർത്തനം കാര്യക്ഷമമല്ല

ഗ്രാമപഞ്ചായത്ത്/വാർഡ് തലത്തിൽ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും പ്രസ്തുത സമിതിയുടെ നേതൃത്വത്തിൽ വിദ്യാർത്ഥിനികളുടെയും സ്ത്രീകളുടെയും സുരക്ഷ ഉറപ്പുവരുത്തേണ്ടതും (ജി.ഒ.(എം.എസ്) 80/17 തസ്വഭവ dtd 03.04.17), പ്രസ്തുത സമിതിയുടെ യോഗങ്ങൾ എല്ലാ മാസവും ഒരു തവണയെങ്കിലും വിളിച്ചുകൂട്ടേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 164എ(5)). പഞ്ചായത്തിലെ 2 വാർഡുകളുടെ ജാഗ്രതാസമിതി മിനിട്സ് പരിശോധിച്ചതിന്റെ വിശദാംശം.

| ക്രമ നം. | വാർഡ് നം. | ജാഗ്രതാസമിതി യോഗം ചേർന്ന തീയതി | അജണ്ട | പങ്കെടുത്തവർ |
|---|---|---|---|---|
| 1 | XVIII | 15.08.2017 | ജാഗ്രതാസമിതി രൂപീകരണം | 10 |
| 2 | XIV | 02.04.2018 | ജാഗ്രതാസമിതി രൂപീകരണം | 8 |

പഞ്ചായത്തിലെ വാർഡ്തല മിനിട്സ് പരിശോധിച്ചതിൽ എല്ലാ മാസവും ജാഗ്രതാസമിതി യോഗം വിളിച്ചുകൂട്ടുന്നില്ല. കൂടാതെ XIV-ാം വാർഡിൽ 2018-19 വർഷമാണ് ജാഗ്രതാസമിതി രൂപീകരിച്ചത്. തുടർപ്രവർത്തനങ്ങളെ സംബന്ധിച്ച് മിനിട്സിൽ രേഖപ്പെടുത്തലുകളില്ല. കൂടാതെ പഞ്ചായത്ത്തല ജാഗ്രതാസമിതി മിനിട്സ് പരിശോധനയ്ക്ക്

ഹാജരാക്കിയിട്ടില്ല. ഇതിൽ നിന്നും അണ്ടൂർക്കോണം പഞ്ചായത്തിൽ പഞ്ചായത്ത് തലത്തിലും വാർഡ് തലങ്ങളിലുമുള്ള ജാഗ്രതാ സമിതിയുടെ പ്രവർത്തനം കാര്യക്ഷമമല്ല എന്ന് വിലയിരുത്തുന്നു. ഗ്രാമപഞ്ചായത്ത് തലത്തിൽ ഓരോ വാർഡിലും നടക്കുന്ന പ്രവർത്തനങ്ങളെ ക്രോഡീകരിക്കുകയും ആയതിന്റെ റിപ്പോർട്ട് ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അവ ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ടതും ഭരണസമിതി തലത്തിൽ മോണിറ്ററിംഗ് നടത്തേണ്ടതുമാണ്. പഞ്ചായത്ത്/വാർഡ് തലത്തിൽ ജാഗ്രതാസമിതിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി ഭരണസമിതിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 3-17 അങ്കണവാടി പോഷകാഹാര വിതരണം കാര്യക്ഷമമാക്കേണ്ടതാണ്

അങ്കണവാടി വെൽഫെയർകമ്മിറ്റിക്ക് പുറമേ ഗ്രാമ/വാർഡ് സഭാ അംഗങ്ങളിൽ പൊതുസമ്മതരായ 5 പേർ അടങ്ങുന്ന അങ്കണവാടി നിരീക്ഷണക്കമ്മിറ്റി രൂപീകരിയ്ക്കേണ്ടതും ഈ കമ്മിറ്റി മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും അങ്കണവാടികൾ സന്ദർശിയ്ക്കേണ്ടതും, അങ്കണവാടികളിൽ നിന്നും യഥാർത്ഥത്തിൽ പോഷകാഹാരം സ്വീകരിയ്ക്കുന്നവരുടെ എണ്ണവും ഗുണനിലവാരവും സംബന്ധിച്ച റിപ്പോർട്ട് ഗ്രാമ പഞ്ചായത്തിന് സമർപ്പിക്കേണ്ടതും ആണ്. (ജി.ഒ.(എം.സ്) 4/2016/ത.സ്വ.ഭ.വ 1.1.2016).

എന്നാൽ പഞ്ചായത്തിലെ മോണിറ്ററിംഗ് & വെൽഫെയർ കമ്മിറ്റി റിപ്പോർട്ട് പരിശോധിച്ചതിൽ അങ്കണവാടി പോഷകാഹാര വിതരണം സംബന്ധിച്ച് യാതൊരു നടപടിയും സ്വീകരിച്ച് വരുന്നതായി കാണുന്നില്ല.പഞ്ചായത്തിലെ 2 അങ്കണവാടികളുടെ മോണിറ്ററിംഗ് & വെൽഫെയർ കമ്മിറ്റി മിനിട്സ് പരിശോധിച്ചതിന്റെ വിശദാംശം.

| ക്രമ നം. | അങ്കണവാടി നം. | യോഗം ചേർന്ന തീയതി | അജണ്ട |
|---|---|---|---|
| 1 | 20 | 17.05.2017 | കെട്ടിടം സംബന്ധിച്ച പരാതി |
| | | 01.06.2017 | പ്രവേശനോത്സവം |
| | | 16.09.2017 | പോഷകാഹാരമേള |
| | | 01.11.2017 | അവശ്യ സാധനങ്ങൾ വാങ്ങുന്നത് സംബന്ധിച്ച് |
| 2 | 22 | 26.12.17 | സോഷ്യൽ ഓഡിറ്റ് റിപ്പോർട്ട് ചർച്ച |
| | | 3.3.18 | വനിതാദിനാചരണം |

അങ്കണവാടി പോഷകാഹാര വിതരണം കാര്യക്ഷമമായി നടത്തുന്നതിനായി മോണിറ്ററിംഗ് & വെൽഫെയർ കമ്മിറ്റിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതും, റിപ്പോർട്ട് ഗ്രാമപഞ്ചായത്തിന് സമർപ്പിക്കേണ്ടതുമാണ്. പ്രസ്തുത വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിയ്ക്കുന്നു.

## 3-18 പദ്ധതി മോണിട്ടറിംഗ് അനിവാര്യം.

2017-18 സാമ്പത്തികവർഷം പഞ്ചായത്തിലെ വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് കമ്മിറ്റികളായി പ്രവർത്തിച്ചിട്ടില്ല. 29.3.2017ലെ സ.ഉ(എം.എസ്)72/2017/ത.സ്വ.ഭ.വ സർക്കാർ ഉത്തരവിലെ ഖണ്ഡിക 14.6 പ്രകാരം പ്രോജക്ട് മോണിട്ടറിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവഹിക്കേണ്ടതും, അതിനായി പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതുമാണ്. പഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ അന്തിമപദ്ധതിരേഖയിലെ 10ാം അദ്ധ്യായത്തിൽ, പദ്ധതി രൂപീകരണശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിട്ടറിംഗ് സമിതികളായി പ്രവർത്തിക്കുന്നതാണെന്നും, പ്രസ്തുത സമിതികൾ യോഗം ചേർന്ന് മോണിട്ടറിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവഹണഉദ്യോഗസ്ഥനും ഭരണസമിതിക്കും നല്കുന്നതാണെന്നും പറഞ്ഞിട്ടുണ്ട്. കൂടാതെ പദ്ധതി മോണിട്ടറിംഗിന് ശക്തമായ സോഷ്യൽ ഓഡിറ്റ് സംവിധാനം കൊണ്ടുവരുന്നതാണെന്നും, സോഷ്യൽ ഓഡിറ്റ് റിപ്പോർട്ടുകൾ പൊതുജനങ്ങൾക്കായി പഞ്ചായത്ത് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുമെന്നും പറഞ്ഞിട്ടുണ്ട്. എന്നാൽ അപ്രകാരമുള്ള രേഖകൾ ഒന്നും പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. ഇക്കാര്യം മേൽനോട്ടച്ചുമതലയുള്ള അതത് സ്റ്റാന്റിംഗ്കമ്മിറ്റികൾ ഉറപ്പുവരുത്തിയിട്ടുമില്ല. കാര്യക്ഷമമായ മോണിറ്ററിംഗ് നടക്കുന്നുവെന്ന് പഞ്ചായത്ത് കമ്മിറ്റി ഉറപ്പുവരുത്തേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2017-18 | 100000 | പാലിന് സബ്സിഡി | 100000 | 0 |
| | | 20400 | ഹരിതകേരളം<br>ജൈവസമൃദ്ധി | 20400 | |
| | | 298125 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 298125 | |
| | ആകെ | 418525 | ആകെ | 418525 | |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 271150 | സമഗ്രനെൽകൃഷി വികസനം, ജൈവസമൃദ്ധി | 210166 | 60984 |
| | | 298125 | ശാരീരികമാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 298125 | 0 |
| | | 500000 | പാലിന് സബ്സിഡി | 478046 | 21954 |
| | | 500000 | ഗവ.സ്കൂൾ-ബയോഗ്യാസ് പ്ലാന്റ് | 114000 | 386000 |
| | ആകെ | 1569275 | ആകെ | 1100337 | 468938 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം./<br>ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| 1 | KSEB | വിവിധ വാർഡുകളിൽ തെരുവ് വിളക്കിനായി ഡബിൾ ട്യൂബ്സെറ്റ് | 82/17-18<br>31.10.2017 | 268275 | 268275 | - |
| 2 | KWA | കരിച്ചാറ LPS ന് സമീപം കുടിവെള്ള പൈപ്പ് ലൈൻ | 18/17-18<br>11.12.2017 | 166404 | 166404 | - |
| 3 | KWA | തെക്കേവിള അംഗവാടിക്ക് സമീപം<br>കുടിവെള്ള പൈപ്പ് ലൈൻ | 21/17-18<br>16.12.2017 | 55274 | 55274 | - |

| | | | | | | |
|---|---|---|---|---|---|---|
| 4 | KWA | കപ്ളിക്കര പൈപ്പ് ലൈൻ | 16/17-18<br>11.12.2017<br>17/17-18<br>11.12.17 | 55311 | 55311 | - |
| 5 | KWA | മാമ്പഴ തിരുവെള്ളൂർ റോഡ് കുടിവെള്ള പൈപ്പ് ലൈൻ വികസിപ്പിക്കൽ | 19/17-18<br>11.12.2017 | 102000 | 102000 | - |
| 6 | KWA | ടെക്നോസിറ്റി സഹായത്തോടെ കരിച്ചാറ കോളനിയിൽ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതി(SO) | വിവരം ലഭ്യമല്ല (സ്പിൽ ഓവർ പ്രോജക്ട്) | - | - | 500000 |
| 7 | KWA | കരിച്ചാറ അപ്പോളോ കോളനി സ്ട്രീറ്റ് ടാപ്പ് മെയിന്റനൻസ് | 22/17-18<br>16.12.2017 | 30000 | 30000 | - |
| 8 | KWA | കരിച്ചാറ,ശ്രീപാദം,മൈതാനി, വെള്ളൂർ,പള്ളിച്ചവീട് പാച്ചിറ വാർഡുകളിൽ കുടിവെള്ള പൈപ്പ് | 20/17-18<br>16.12.2017 | 392115 | 392115 | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം. | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/വൗച്ചർ നം./ ചെക്ക് നം. | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|
| ഇല്ല | | | | | | |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തിയതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയു ള്ളള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇല്ല | | | | | | |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും, ഉദ്യോഗപ്പേരും | രസീത് നം/തിയതി |
|---|---|---|---|---|
| 2015-16 | 2-4 | 2500/- | EVM ലൈറ്റ് കൊമേഴ്സ്യൽ | 11510100494/24.04.17 |
| 2015-16 | 2-3 | 5000/- | Dr.ജാസ്മിൻ,ചിറക്കകം ക്ളിനിക്കൽ | 117100101116/15.5.17 |
| 2015-16 | 2-2 | 790/- | S.നിസാർ,റസീന ബീവി | 117100101330/30.5.17 |
| 2015-16 | 3-1 | 500/- | മഞ്ജുഷ.ബി | 117100102745/17.8.17 |
| 2016-17 | 2-3 a | 1250/- | സ്ഥാപന തൊഴിൽനികുതി | 11510400008/31.8.17 |
| 2016-17 | 2-3 b(2) | 2000/- | തൊഴിൽ നികുതി(ഡ്രൈവർ) | 117100109385/31.3.18 |
| 2016-17 | 2-3 b(3) | 300/- | മുരളീധരൻ ബി | 117100107955/5.2.18 |
| 2016-17 | 2-3 b(5) | 1000/- | ഷെൽസ(AE,NREGS) | 117100108171/16.2.18 |
| 2016-17 | 2-3 b(6) | 1500/- | സുമിത്ര,മീന | 117100102554/8.8.17 |
| 2016-17 | 2-4(1) | 84150/- | ഇന്റസ് ടവേഴ്സ് | 117100500033/31.10.17 |
| 2016-17 | 2-4 (2) | 36643/- | കമ്മ്യൂണിക്കേഷൻ ടവർ | 117100500036/27.11.17 |
| 2016-17 | 2-4 (4) | 47250/- | ടവർ വിഷൻ | 117100400030/15.3.18 |
| 2016-17 | 2-4 (6) | 28350/- | ടവർ റിലയൻസ് | 117100500070/19.3.18 |
| 2016-17 | 2-4 (7) | 28364/- | ടാറ്റാ ടെലിസർവ്വീസ് | 117100400031/19.3.18 |
| 2016-17 | 2-4 (8) | 26964/- | ഇന്റസ് ടവേഴ്സ് | 117100500035/27.11.17 |

| | | | | |
|---|---|---|---|---|
| 2016-17 | 2-4 (9) | 34690/- | ഭാരത് ഇൻഫ്ര ടെലി ലിമിറ്റഡ് | 117100500057/28.2.18 |
| 2016-17 | 2-4 (10) | 81947/- | ഭാരത് ഇൻഫ്ര ടെലി ലിമിറ്റഡ് | 117100500042/16.1.18 |

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം

ഇല്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 84023696 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 76458472 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 6500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 385499 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 6342097 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നവ | സർചാർജ്ജ് ചെയ്യാവുന്നവ | |
| 2-3 | 500 | - | ശ്രീ. സായൂർദേവൻ നായർ. എസ്.കെ. സെക്രട്ടറി |
| 2-4 | 6000 | | ശ്രീ. സായൂർദേവൻ നായർ. എസ്.കെ. സെക്രട്ടറി |
| 3.2 | - | 15450 | ശ്രീ.സായൂർദേവൻ നായർ.എസ്.കെ, സെക്രട്ടറി |
| 3.4 | - | 302500<br>(302500/15=20167) | ശ്രീ.സായൂർദേവൻ നായർ. എസ്.കെ, സെക്രട്ടറി,<br>ഭരണസമിതി അംഗങ്ങൾ<br>(14 പേർ, list attached) |

| | | | |
|---|---|---|---|
| 3.9 | | 67549 | ശ്രീമതി.മേരി ജിഷ.പി.ജെ<br>അസി.എഞ്ചിനീയർ |
| ആകെ | 6500 | 385499 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.1 | 100900 | ശ്രീ.സായൂർദേവൻ നായർ,സെക്രട്ടറി |
| 3.3 | 462060 | ശ്രീ.സായൂർദേവൻ നായർ, സെക്രട്ടറി |
| 3.6(i) | 709304 | ശ്രീ.സായൂർദേവൻ നായർ, സെക്രട്ടറി |
| 3.6(ii) | 1114833 | ശ്രീ. ടി.എസ്. ഗോപീകൃഷ്ണൻ, അസി. സെക്രട്ടറി |
| 3.15 | 3955000 | ശ്രീ.അഭിലാഷ്.എം.എ, VEO-II |
| ആകെ | 6342097 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. സായൂർദേവൻ നായർ, | സെക്രട്ടറി,<br>അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് | വിഘ്നേശ്വര,<br>കുനംകുളം ലൈൻ,<br>മെഡിക്കൽ കോളേജ് (പി.ഒ.) തിരുവനന്തപുരം. 695011 |
| ശ്രീമതി.മേരി ജിഷ. പി.ജെ | അസി.എഞ്ചിനീയർ<br>അണ്ടൂർക്കോണം ഗ്രാമപഞ്ചായത്ത് | ചരൻകാട്ട് ഹൗസ്, പൊള്ളത്തായ്.പി.ഒ.<br>ആലപ്പുഴ |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2009-10 | കെ.എസ്.എ.റ്റി.വി.എം/ജി.പി11/877/18, 14.06.2018 | 6 |

| | | |
|---|---|---|
| 2011-12 | കെ.എസ്.എ.റ്റി.വി.എം/ജി.പി11/877/18, 14.06.2018 | 3 |
| 2012-13 | കെ.എസ്.എ.റ്റി.വി.എം/ജി.പി11/877/18, 14.06.2018 | 2 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1098/15 01.09.2015 | 12 |
| 2014-15 | കെ.എസ്.എ.റ്റി.വി.എം.ജി.പി.11/1288/16 28-07-2016 | 14 |
| 2015-16 | കെഎസ്.എ.റ്റി.വി.എം.ജി.പി.11/1891/2016, 05.11.2016 | 12 |
| 2016-17 | കെഎസ്.എ.റ്റി.വി.എം.ജി.പി.11//1690/2017, 09.8.2017 | 12 |

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം - 1

## ഓഡിറ്റ് സാക്ഷ്യപത്രം

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോള ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ, അണ്ടൂർക്കോണം ഗ്രാമപഞ്ചായത്തിന്റെ 2017-18

-ലെ വാർഷിക ധനകാര്യ പത്രിക, വരവ് - ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

R.16.11.18